സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

SUVISESHA DHWANI

# സുവിശേഷ ധ്വനി

2016 ജൂൺ 04

Suvisesha Dhwani Fortnightly Reg. No. RN. 29475/1978 Vol. 38 Issue 22

പുസ്തകം 38 ലക്കം 22 പേജ് 6

# മാതൃക എന്ന വെല്ലുവിളി

**സൈറസ് ബനഡിക്ട്, ഗുജറാത്ത്**

നല്ല മാതൃക നല്ല നേതൃത്വത്തിന്റെ ലക്ഷണമാണ്. നല്ല നേതൃത്വം പരമാധികാരങ്ങളുടെ പ്രയോഗങ്ങൾ കൊണ്ടുണ്ടാകുന്നതല്ല. മറിച്ച് ഹൃദയവിശാലത, സഹനം, ത്യാഗം, അനുഭവപൂർണ്ണമായ പരിഗണനകൾ തുടങ്ങിയ അനേക സവിശേഷഗുണങ്ങളുടെ സങ്കലനമാണ്. ചുറ്റുമുള്ളവരുടെ വികാരങ്ങൾ കണക്കിലെടുക്കാതെ റോക്കറ്റ് വേഗത്തിൽ കുതിക്കുന്ന ഏതു നേതൃത്വവും അത്യന്തികമായി അപകടത്തിൽ കലാശിച്ചിട്ടേയുള്ളു. ഏതു ആത്മികപ്രസ്ഥാനമായാലും അതിനാവശ്യം "പ്രാപ്തിയുള്ള നേതാക്കന്മാർ" എന്നതിനെക്കാൾ നല്ല മാതൃകാ ജീവിതം നയിക്കുന്ന പ്രാപ്തിയുള്ള നേതാക്കളെയാണ്.

**അഹിംസ എന്ന തത്ത്വത്തിലൂന്നി ബ്രിട്ടീഷ് ഭരണത്തിനെതിരെ സമരങ്ങളുടെ പുതിയ പോർമുഖം തുറന്ന മഹാത്മാ ഗാന്ധിജി "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം കാണിച്ചു.**

ഇന്നിന്റെ ആത്മീയപ്രസ്ഥാനങ്ങൾക്ക് പല പ്രാപ്തിയുള്ള നേതാക്കൾ ഉണ്ട്. പക്ഷേ പൗലോസിനെപ്പോലെ "നിങ്ങൾ എന്നെ അനുകരിപ്പിൻ" എന്നു പറയാൻ കഴിയുന്ന ആത്മികനട്ടെല്ലുള്ള മാതൃകാനേതാക്കന്മാർ അംഗുലീപരിമിതമാവുകയാണ്. ശിഷ്യനായ പത്രോസ് തന്റെ ഗുരുവായ നേതാവിന്റെ ഓർമ്മകൾ അയവിറക്കുമ്പോൾ തൂലിക കയ്യിലെടുത്ത് എഴുതാൻ വെമ്പിയത് ഇങ്ങനെയാണ്, "ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" പത്രൊസിന്റെ ഈ സൂക്തങ്ങൾക്ക് സ്വച്ഛജഡമാംസി തൈലത്തിന്റെ സൗരഭ്യമുണ്ട്. വെറുതെവന്ന് നേതാവ് കളിച്ചുപോയവനല്ല ക്രിസ്തു. ഗുരു, നേതാവ് തുടങ്ങിയ വാക്കുകളുടെ ഉൾക്കാമ്പ് സ്വജീവിതം കൊണ്ട് പ്രത്യക്ഷമായിതന്നെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തവനാണവൻ. പള്ളിയിലെ മുഖ്യാസനവും അങ്ങാടിയിലെ വന്ദനവും നീട്ടിവിളിക്കുന്നതും കേൾക്കാൻ കൊതിച്ച, ആത്മിക ജീവിതമാതൃക തൊട്ടുതീണ്ടാത്ത പരീശ ശാസ്ത്രി പരിഷകളായ യെഹൂദ ഗുരു നേതാക്കന്മാരുടെ മധ്യത്തിൽ പതിരിൽ നിന്ന് വേർതിരിഞ്ഞ ധാന്യമണിയായിരുന്നു നസറായൻ. അഹിംസ എന്ന തത്ത്വത്തിലൂന്നി ബ്രിട്ടീഷ് ഭരണത്തിനെതിരെ സമരങ്ങളുടെ പുതിയ പോർമുഖം തുറന്ന മഹാത്മാ ഗാന്ധിജി "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് പ്രഖ്യാപിക്കാനുള്ള ആർജ്ജവം കാണിച്ചു. ഭാവം കുഞ്ഞാടിന്റെയും പ്രവൃത്തി സിംഹത്തിന്റേതുമായാൽ "ആട്ടിൻതോൽ ധരിച്ച ചെന്നായ്" എന്ന് കണ്ട് നിൽക്കുന്നവർ മുഖത്തു നോക്കി പറഞ്ഞില്ലെങ്കിലും ഉള്ളിലെങ്കിലും വിളിക്കും. ആത്മിക പ്രസ്ഥാനങ്ങളെ നയിക്കുന്ന ആത്മികരല്ലാത്ത നേതാക്കന്മാർ പലപ്പോഴും മൂക്കുംകുത്തി വീഴുന്നത് രണ്ട് പദങ്ങൾക്ക് മുമ്പിലാണ്. 'ഞാൻ' 'എന്നിലൂടെ' എന്നിവയാണ് പദങ്ങൾ. എല്ലാറ്റിന്റെയും തലപ്പത്ത് "ഞാനായിരിക്കണം" എവിടെയും തുടങ്ങുന്നത് "ഞാനായിരിക്കണം" എല്ലാവരുടെയും ശ്രദ്ധ "ഞാനിലായിരിക്കണം" എല്ലാം "എന്നിലൂടെ" നടക്കണം. രക്തവും വിയർപ്പും ഒഴുക്കിയതും അധ്വാനിച്ചതും മറ്റാരെങ്കിലും ആണെങ്കിലും അറിയപ്പെടേണ്ടത് "എന്റെ" ലേബലിലും കാര്യങ്ങൾ നടക്കുന്നത് "എന്നിലൂടെയും" ആകണം. അത്തരം നിലപാടുകളും നേതൃത്വവും ക്രിസ്തു എന്ന ഗുരു കാണിച്ച മാതൃകയിൽ നിന്ന് വളരെ അകലെയാണ്. ഗുരുവായി വന്ന് ഉപദേശങ്ങൾ മാത്രം കൊടുത്തുപോയവനോ നേതാവായി വന്ന് നിർദ്ദേശങ്ങൾ മാത്രം കൊടുത്തുപോയവനോ ആണോ ക്രിസ്തു? ഒരിക്കലുമല്ല. "കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ കാൽ കഴുകേണ്ടതാകുന്നു." "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു." "ദാസൻ യജമാനനെക്കാൾ വലിയവനല്ല. ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല." കടന്നുപോയ ജീവിതപാതയിൽ മാതൃകാജീവിതത്തിന്റെ കാൽപാടുകൾ അവശേഷിപ്പിച്ച് പോയവരെ നാലാൾ കൂടുന്നിടത്ത് നെഞ്ചിൽ കൈവെച്ച് അഭിമാനത്തോടെ സ്മരിക്കുന്ന നമ്മൾ, വരും തലമുറയ്ക്ക് അഭിമാനത്തോടെ അയവിറക്കാനാവുന്ന നല്ല മാതൃകയുടെ കാല്പാടുകൾ സ്വന്തം ജീവിതപാതയിൽ പതിപ്പിച്ചാണൊ പോകുന്നതെന്ന് സ്വയം വിലയിരുത്താനുള്ള സമയമാണിത്. ജനം ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ദൈവം ആഗ്രഹിക്കുന്ന അവസ്ഥയിലേക്ക് തന്നെ രൂപപ്പെടുത്തിയെടുക്കുന്ന മഹത്കർമ്മമാണ് ഒരു ആത്മീയ നേതാവിന്റെ നേതൃത്വം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. അല്ലാതെ സ്വന്ത ഹിതത്തിനനുസരിച്ച് പക്ഷങ്ങളായി തിരിച്ച് പരസ്പരം പോരടിപ്പിക്കലല്ല. ദൈവത്തിന്റെ വഴിയിലേക്ക് ജനത്തെ നയിച്ചുകൊണ്ടു വന്നവർ പലപ്പോഴും അന്യായമായി പഴികേട്ടവരും അർത്ഥമില്ലാത്ത ആരോപണങ്ങളുടെ കല്ലേറുകൊള്ളാൻ വിധിക്കപ്പെട്ടവരുമാണെന്നിരിക്കിലും, ചരിത്രം അവരുടെ ത്യാഗവും, ഭക്തിയും, ഹൃദയവിശാലതയും അപവാദങ്ങൾ സഹിക്കാനുള്ള കരുത്തും രേഖപ്പെടുത്തിവെയ്ക്കാൻ മറന്നില്ല. ഇന്നുള്ള നേതാക്കൾക്കെതിരെയും പഴികളും ആരോപണങ്ങളുമൊക്കെ ഉയരുമ്പോൾ അതിനെ അന്യായം എന്നു പറഞ്ഞ് തള്ളിക്കളയാൻ കഴിയാതവണ്ണം അവ ന്യായത്തോടു ചേർന്ന് നില്ക്കുന്നതല്ലെ എന്ന് ന്യായമായും സംശയിക്കേണ്ടിവരുന്നു. ഇതിന്റെയെല്ലാം "കാരണങ്ങൾ" പലപ്പോഴും കേട്ട് തഴമ്പിച്ചത് തന്നെ. വെറും പായയിൽ നിന്ന് പട്ടുമെത്തയിലേക്കുള്ള വളർച്ചയ്ക്കിടയിൽ കാത്തുസൂക്ഷിക്കേണ്ട മൂല്യങ്ങൾ പലതും നഷ്ടപ്പെടുകയൊ എറിഞ്ഞുകളകയോ ചെയ്തു. എലീശയുടെ ശിഷ്യൻ ഗേഹസിയിൽ നിന്ന് നയമാന്റെ പിന്നാലെ ഓടുന്ന ഗേഹസിയായി പലരും രൂപപ്പെടും. ചിലർ മറ്റുള്ളവർക്ക് ന്യായമായിരിക്കുന്നതിനെ വെറും ചെലവ് എന്ന് മുദ്രകുത്തി സ്വന്തം കാര്യത്തിൽ ന്യായം കണ്ടുപിടിക്കുന്നു. വേറെ ചിലർ അനന്യാസിനും സഫീറയ്ക്കും മാതൃകയാകുന്നു. വായെടുത്താൽ നുണയെ പറയൂ. ഇങ്ങനെ ആയിരിക്കുന്നത് ഉചിതമല്ല. ഒരു ശുദ്ധികലശത്തിന് സമയമായെന്നു തോന്നുന്നു.

**ദൈവത്തിന്റെ വഴിയിലേക്ക് ജനത്തെ നയിച്ചുകൊണ്ടു വന്നവർ പലപ്പോഴും അന്യായമായി പഴികേട്ടവരും അർത്ഥമില്ലാത്ത ആരോപണങ്ങളുടെ കല്ലേറുകൊള്ളാൻ വിധിക്കപ്പെട്ടവരുമാണെന്നിരിക്കിലും, ചരിത്രം അവരുടെ ത്യാഗവും, ഭക്തിയും, ഹൃദയവിശാലതയും അപവാദങ്ങൾ സഹിക്കാനുള്ള കരുത്തും രേഖപ്പെടുത്തിവെയ്ക്കാൻ മറന്നില്ല.**

ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ!! വന്നുചേരുവിൻ!!!

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് – 2016

**സയൺ പബ്ലിക്ക് സ്കൂൾ, സയൺ നഗർ,സ്വരാജ്, കട്ടപ്പന**

*(കട്ടപ്പനയിൽ നിന്നും കോട്ടയം റൂട്ടിൽ 10 കി.മീ. ദൂരം മാത്രം.)*

**2016 സെപ്റ്റംബർ 12 തിങ്കൾ മുതൽ 16 വെള്ളി വരെ**

*(ഓണം അവധിക്കാലത്ത് - എല്ലാം ഗവ. അവധി ദിവസങ്ങൾ)*

*പ്രധാന ലീഡേഴ്സ് :*

**ജോർജ്ജ് മാത്യൂ – മഹാരാഷ്ട്ര**
**ഡാനിയേൽ വറുഗീസ് – പുനലൂർ**
**ബിജു ആലടി – ഇടുക്കി**
**ജോർജ്ജ് കോശി – മൈലപ്ര**

*കൂടുതൽ വിവരങ്ങൾക്ക് :*
*സ്റ്റാൻലി ഏബ്രഹാം*
*ജനറൽ സെക്രട്ടറി*
*(9388281162)*

## സോദരീ ഭവനിൽ ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂൾ

**കൊല്ലം:** സോദരീ ഭവനിൽ നടത്തിവരുന്ന ഒരു വർഷത്തെ ഇംഗ്ലീഷ് മീഡിയം ബൈബിൾ സ്കൂൾ 2016 ജൂൺ 18-ന് ആരംഭിക്കുന്നു. ഈ കോഴ്സിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗം സെക്രട്ടറിയുമായി ബന്ധപ്പെടുക.

*ജോയ്സ് മാത്യൂ*

*(0474-2744846, 9446107172)*

## ബംഗാൾ കാമ്പയിൻ സമാപിക്കുന്നു

**അങ്കമാലി:** അനേക ദൈവമക്കളുടെ പ്രാർത്ഥനയാലും സ്ഥലം സഭകളുടെ സഹകരണത്താലും 2014 സെപ്റ്റംബറിൽ ആരംഭിച്ച കാമ്പയിൻ ഇതുവരെയും തുടർച്ചയായി എല്ലാ മാസവും നടത്തുവാൻ വലിയവനായ ദൈവം സഹായിച്ചു. ടീം ഇപ്പോൾ (മെയ്) കുച്ച് ബിഹാറിലായിരിക്കുന്നു. സഹോദരന്മാർ ക്ഷേമത്തോടെ ശുശ്രൂഷകളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. അടുത്ത മാസം അലിപുർ ജില്ലയിലെ പ്രവർത്തനത്തോടുകൂടി കാമ്പയിൻ അവസാനിക്കുകയാണ്. ജൂൺ ഒടുവിൽ പ്രവർത്തനശേഷം സഹോദരന്മാർ വാഹനവുമായി നാട്ടിലേക്കു മടങ്ങുന്നു. ഇപ്പോഴുള്ള വേലകളേയും തുടർന്നുള്ള മടക്കയാത്രയെയും ദൈവജനം പ്രാർത്ഥനയുടെ കരങ്ങളിൽ വഹിച്ചാലും.

*എം.സി. ജോർജ്ജ്, കോ-ഓർഡിനേറ്റർ (9446844933)*

## പ്ലസ്ടു ക്യാമ്പ് തിരുവല്ലയിൽ

**തിരുവല്ല:** 12-ാം ക്ലാസ്സിൽ പരീക്ഷ എഴുതിയ ശേഷം പ്രഫഷണൽ കോഴ്സുകൾക്കും ബിരുദ പഠനങ്ങൾക്കും ചേരാൻ കാത്തിരിക്കുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ജീവിതത്തിന് സമഗ്രമായ മാർഗ്ഗനിർദ്ദേശം നൽകുന്ന പ്ലസ്ടു ക്യാമ്പ് 2016 ജൂൺ 6 മുതൽ 13 വരെ ചുമത്ര ബ്രദറൺ സഭയുടെ സഹകരണത്തിൽ തിരുവല്ലയിൽ നടക്കുന്നു. ആത്മിക പരിശീലനവും വിദ്യാഭ്യാസ, തൊഴിൽ, കുടുംബമേഖലകളിൽ ദൈവഹിതത്തിൽ ജീവിക്കുവാനാവശ്യമായ നിർദ്ദേശങ്ങളും ലഭിക്കുന്ന ഈ ക്യാമ്പിൽ മുതിർന്ന ദൈവദാസന്മാരുടേതുൾപ്പെടെയുള്ള ക്ലാസ്സുകൾ, ബൈബിൾ പഠന രീതികളെപ്പറ്റിയും പ്രഫഷണൽ കോഴ്സുകളിൽ പഠിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ, മിഷൻ ടൂർ ഇവയും ഉണ്ടായിരിക്കും. ശിഷ്യത്വപരിശീലനത്തിനും വ്യക്തിവികാസത്തിനും ഊന്നൽ നൽകിയാണ് ക്യാമ്പിന്റെ പ്രോഗ്രാം.

മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കും മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കും പ്രവേശനം. പങ്കെടുക്കവാൻ താൽപര്യപ്പെടുന്നവർ വിവരം അറിയിക്കുക. Plus two Camp P.O. Box:4, Kuttapuzha, Thiruvalla 689 103, Tel: 9447360417, 9745017815. Email: tmtvla@gmail.com

*കെ. തോമസ് മാത്യൂ*



സഹോദരിമാർ എത്രതന്നെ പ്രായമുള്ളവരും ആത്മിക പക്വതയുള്ളവരും വചനത്തിൽ വളരെ പാണ്ഡിത്യം ഉള്ളവരും ലോകത്തിൽ ഉന്നതസ്ഥാനമാനങ്ങൾ വഹിക്കുന്നവരും ആയിരുന്നാലും സഭാകൂടിവരവുകളിൽ നേതൃത്വം വഹിക്കുവാനോ, ഉപദേശിക്കുവാനോ, പ്രസംഗിക്കുവാനോ തിരുവചനം അനുവദിക്കുന്നില്ല.

*പേജ് 2*



### ഉൾപ്പേജുകളിൽ


- സ്ത്രീ-പുരുഷ സമത്വം 2
- സ്വർഗ്ഗവും നരകവും... 3
- വന്നവഴികൾ/കവിത 4
- ബൈബിൾക്വിസ് 5
- ചിന്ത/വാർത്തകൾ 6

**SUVISESHA DHWANI**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

2016 ജൂൺ 04 / പുസ്തകം 38, ലക്കം 22

എഡിറ്റോറിയൽ

# സ്ത്രീ– പുരുഷ സമത്വം

**സ്**ത്രീ–പുരുഷ സമത്വമെന്നത് ഭരണഘടനാ വ്യവസ്ഥയാണെന്നും അത് നിഷേധിക്കാൻ മതങ്ങൾക്ക് അവകാശമില്ലെന്നും സുപ്രീം കോടതി. 2016 ഏപ്രിൽ 19–ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിലെ വാർത്തയാണിത്. സ്ത്രീ–പുരുഷ സമത്വത്തോട് ബന്ധപ്പെട്ട കേസ് സുപ്രീം കോടതിയുടെ മൂന്നംഗ ബഞ്ചിൽ വന്നപ്പോൾ മതപരമായ ആചാരങ്ങൾ ശരിയോ എന്നതല്ല, ഭരണഘടനയ്ക്ക് നിരക്കുന്നതോ എന്നാണ് പരിശോധിക്കുന്നതെന്നു ജസ്റ്റിസ് ദീപക് മിശ്ര പറഞ്ഞു. ആചാരങ്ങൾക്ക് ഭരണഘടന പരമായ സംരക്ഷണമുണ്ടോ എന്നതും പരിശോധിക്കുമെന്നു ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു. ഈ കേസിൽ ഹാപ്പി ടു ബ്ലീഡ് എന്ന സംഘടനയ്ക്കുവേണ്ടി ഇന്ദിര ജയ്സിങ്ങ് സുപ്രീം കോടതിയിൽ ഉന്നയിച്ച വാദങ്ങൾ ഇപ്രകാരമാണ്: "എല്ലാവർക്കും മതസ്വാതന്ത്ര്യത്തിനുള്ള തുല്യമായ അവകാശമാണ് ഭരണഘടനയുടെ 25–ാം വകുപ്പ് ഉറപ്പു നൽകുന്നത്. മതങ്ങൾ തമ്മിൽ മാത്രമല്ല, മതത്തിനുള്ളിലും തുല്യതയെന്നർത്ഥം. അപ്പോൾ സ്ത്രീകളായ വിശ്വാസികൾക്കും പുരുഷന്മാരായ വിശ്വാസികൾക്കും തുല്യമായ പരിഗണന ലഭിക്കണം. സ്ത്രീകളോടുള്ള വേർതിരിവ് അവസാനിപ്പിക്കാനുള്ള രാജ്യാന്തര ധാരണകളിൽ ഇന്ത്യയും ഒപ്പു വെച്ചിട്ടുണ്ട്."

ലോകത്തിലെ എല്ലാ ഭരണഘടനയെക്കാളും ശ്രേഷ്ഠമായ ഭരണഘടനയാണ് ദൈവത്തിന്റെ ആത്മാവിനാൽ എഴുതപ്പെട്ട വിശുദ്ധബൈബിൾ. സത്യവേദപുസ്തകത്തിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും സമുന്നതമായ സ്ഥാനവും മാനവും നൽകി അവരുടെ പ്രവൃത്തികളെ ഒരു പോലെ പ്രകീർത്തിച്ചിരിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. ഗലാത്യർക്ക് എഴുതിയ ലേഖനത്തിൽ നാം വായിക്കുന്നത്, "യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല, നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ (ഗലാ. 3:28). സാറ, രൂത്ത്, എസ്ഥേർ, മറിയ, മാർത്ത, ലുദിയ, പ്രിസ്കില്ല, ഫേബ മുതലായ അനേക സഹോദരിമാരുടെ സേവനങ്ങളെ തിരുവെഴുത്തിൽ പ്രകീർത്തിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ സഭാപരിപാലനത്തിലും സഭാശുശ്രൂഷകളിലും സ്ത്രീകൾ പാലിക്കേണ്ടുന്ന ചില പ്രത്യേക നിർദ്ദേശങ്ങൾ ഉപദേശമായി പുതിയനിയമത്തിൽ നൽകിയിട്ടുണ്ട്. പഴയനിയമ കാലഘട്ടത്തിൽ പുരോഹിതന്മാർ സമാഗമനകൂടാരത്തിലും ദൈവാലയത്തിലും ശുശ്രൂഷ ചെയ്യുമ്പോൾ പുരോഹിതവർഗ്ഗത്തിലുൾപ്പെട്ട സ്ത്രീകൾ മൗനമായിരുന്ന് പുരോഹിതന്മാരുടെ ശുശ്രൂഷകൾക്ക് പിൻബലം നൽകി. വാതില്ക്കൽ സേവ ചെയ്തുകൊണ്ടിരുന്നു (പുറ. 38:8).


> **സ്ത്രീയുടെ തല പുരുഷനാകയാൽ പുരുഷന്മാരായിരിക്കണം ദൈവസഭയിൽ നേതൃത്വം നൽകേണ്ടത്.**

യേശുക്രിസ്തുവിന്റെ ശരീരമായ സഭയോടുള്ള ബന്ധത്തിൽ സഹോദരിമാർ എങ്ങനെയായിരിക്കണം എന്ന് പൗലോസ് കൊരിന്ത്യർക്കും തിമൊഥെയോസിനും എഴുതിയ ലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട് (1 കൊരി. 14:34,35; 1 തിമൊ. 2:11,12). മിണ്ടാതിരിക്കട്ടെ, മൗനമായിരിക്കട്ടെ എന്നു പറയുന്നതിൽ സ്ത്രീകൾ സഭായോഗങ്ങളിൽ വരുമ്പോൾ പാട്ട് പാടുന്നതിനോ, സ്തോത്രം, ഹല്ലെലുയ്യാ, ആമേൻ എന്നിവ പറയുന്നതിനോ വിലക്കുണ്ടെന്നർത്ഥമില്ല. എന്നാൽ അവർ പുരുഷന്മാരുൾപ്പെട്ട സഭാകൂടിവരവുകളിൽ നേതൃത്വം നടത്തുവാനോ നിർദ്ദേശങ്ങൾ കൊടുക്കുവാനോ വചനം പ്രസംഗിക്കുവാനോ പ്രബോധിപ്പിക്കുവാനോ ഉപദേശിക്കുവാനോ പാടില്ലെന്നാണ്. സ്ത്രീയുടെ തല പുരുഷനാകയാൽ പുരുഷന്മാരായിരിക്കണം ദൈവസഭയിൽ നേതൃത്വം നൽകേണ്ടത്. അതുപോലെ പുരുഷന്റെ തല ക്രിസ്തുവാകയാൽ ക്രിസ്തുവിന്റെ പ്രതിനിധിയായിട്ട് വേണം പരിശുദ്ധാത്മാവിൽ പുരുഷന്മാർ ശുശ്രൂഷിക്കേണ്ടത്. എന്നാൽ ദൈവവചനത്തിന് വിപരീതമായി ചില സഭകളിൽ സ്ത്രീകളെ പുരോഹിതന്മാരായും ബിഷപ്പുമാരായും വാഴിക്കുന്നു എന്നത് ദുഃഖത്തോടെ ഓർക്കുന്നു. ദൈവമക്കൾ തിരുവെഴുത്തിലെ ഉപദേശസത്യങ്ങൾക്കു വേണ്ടി പോരാടേണ്ടിയിരിക്കുന്നു.

കർത്താവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ സ്ത്രീകളാരുമില്ലായിരുന്നു. സ്ത്രീകൾ ആരെയും സ്നാനപ്പെടുത്തിയതായി തിരുവെഴുത്തിൽ ഇല്ല. സഭയിൽ സ്ത്രീകൾ പ്രസംഗിച്ചതായോ പ്രബോധിപ്പിച്ചതായോ രേഖപ്പെടുത്തിയിട്ടുമില്ല. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമെന്ന് പരിശുദ്ധാത്മാവ് പറയുവാൻ കാരണം, അങ്ങനെ ഒരു ശുശ്രൂഷയ്ക്ക് കൃപാവരം സഹോദരിമാർക്ക് നൽകുന്നില്ല എന്നതു കൊണ്ടാണ്. റോമാ ലേഖനത്തിൽ ഫേബയെ ശുശ്രൂഷക്കാരത്തി എന്ന് പറഞ്ഞിരിക്കുന്നതിനാൽ സഹോദരിമാർക്കും സഭയിൽ നേതൃത്വം വഹിക്കാം എന്ന് പഠിപ്പിക്കുന്നവരുണ്ട്. റോമ. 16:1–ൽ ശുശ്രൂഷക്കാരത്തി എന്നതിനു diakonos എന്ന ഗ്രീക്കു പദമാണ് ഉപയോഗിച്ചിരിക്കുന്നത്. സഹായി എന്നാണ് ആ പദത്തിന്റെ അർത്ഥം. സഭാകൂടിവരവിൽ ഏതെങ്കിലും ശുശ്രൂഷ ചെയ്ത് സഹായിക്കുന്നവൾ എന്നർത്ഥം. ഒന്നാം നൂറ്റാണ്ടിൽ സഭയിലെ വിധവമാരായ, രോഗികളായ സഹോദരിമാരെ ശുശ്രൂഷിക്കുകയും യുവസഹോദരിമാരെ വിവിധ ശുശ്രൂഷയിൽ സഹായിക്കുകയും ചെയ്തിരുന്ന ഏതൊരു സഹോദരിയെയും വിളിച്ചിരുന്ന പേരാണ് ശുശ്രൂഷക്കാരത്തിയെന്നത്. ഫേബയും ആ നിലയിൽ കെംക്രയ സഭയിലെ വിശ്വാസിയും ശുശ്രൂഷകളിൽ സഹായിക്കുന്നവളുമായിരുന്നു. സ്ത്രീ സഭയിൽ മൗനമായിരിക്കണം എന്ന ഉപദേശം ഗൗരവമായി എടുക്കാതെ തുയഥൈര സഭയിൽ ഇസബേൽ എന്ന സ്ത്രീ ദൈവദാസന്മാരെ ഉപദേശിക്കുവാൻ അനുവദിച്ചതു കാരണം ഉണ്ടായ വളരെ ദുഃഖകരമായ കാര്യങ്ങൾ നാം വെളി. 2:20–ൽ വായിക്കുന്നു.

സഹോദരിമാർ എത്രതന്നെ പ്രായമുള്ളവരും ആത്മിക പക്വതയുള്ളവരും വചനത്തിൽ വളരെ പാണ്ഡിത്യം ഉള്ളവരും ലോകത്തിൽ ഉന്നതസ്ഥാനമാനങ്ങൾ വഹിക്കുന്നവരും ആയിരുന്നാലും സഭാകൂടിവരവുകളിൽ നേതൃത്വം വഹിക്കുവാനോ, ഉപദേശിക്കുവാനോ, പ്രസംഗിക്കുവാനോ തിരുവചനം അനുവദിക്കുന്നില്ല. ഈ ലോകത്തിലെ നിയമങ്ങൾ അനുസരിച്ച് സഭയിൽ പ്രവർത്തിക്കാതെ ദൈവവചനപ്രകാരം പ്രവർത്തിക്കുവാൻ കർത്താവ് ഏവർക്കും കൃപ നൽകട്ടെ.

**എ.ജെ. ഉമ്മൻ**




**എം.ആർ. ഷൈജു, ചാലക്കുടി**

# വിശ്വാസിയും സുവിശേഷവേലയും

**ക**ർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും സമ്പാദിക്കപ്പെട്ടവരുമാണ് വിശ്വാസികൾ (1 പത്രോ. 1:18,19), (അപ്പൊ. പ്രവൃ. 20:28). ദൈവം, പൂർണ്ണസമയ വേലയ്ക്കുവേണ്ടി വേർതിരിച്ചവരാണ് സുവിശേഷകന്മാർ. എന്നാൽ വിശ്വാസസമൂഹത്തിനുമേലും സുവിശേഷം അറിയിക്കാനുള്ള നിർബന്ധമുണ്ട്. "അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" ( 1പത്രോ. 2:9). നിർഭാഗ്യവശാൽ, ഇന്നു പല വിശ്വാസികളും, സുവിശേഷീകരണം, സുവിശേഷകന്മാരുടെ മാത്രം കടമയാണെന്ന് തെറ്റിദ്ധരിച്ചിരിക്കയാണ്. ഇതു വചനവിരുദ്ധമാണ്. സുവിശേഷ വേലക്കാർ, വേലയ്ക്കായി വിളിക്കപ്പെട്ടവരും സമർപ്പിതരുമായതുകൊണ്ട് പൂർണ്ണമായും സുവിശേശഷവേലയിൽ തുടരുവാൻ ആവശ്യമുണ്ട്. വേലയിൽ, തങ്ങളുടെ പങ്കാളിത്തം എന്തെന്ന് മനസ്സിലാക്കാത്തതാണ് പല വിശ്വാസികളെയും ഈ രംഗത്ത് പുറകോട്ടടിക്കുന്നത്. ഈ മഹത്തായ, മഹാരാജാവിന്റെ വേലയിൽ മൂന്നു വിധത്തിൽ മുഴുവൻ വിശ്വാസികൾക്കും പ്രാതിനിധ്യം വഹിക്കാവുന്നതാണ്.

**1. പ്രാർത്ഥിക്കുക:** പ്രാർത്ഥനയിൽ പോരാടാത്ത വിശ്വാസി, വേലയെ സ്നേഹിക്കുന്നില്ലയെന്നതാണ് വാസ്തവം. "ഞാൻ ചങ്ങല ധരിച്ചു സ്ഥാനപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്കു വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ" എന്നത്രേ എഫെസ്യരോടുള്ള അപ്പൊസ്തലന്റെ അഭ്യർത്ഥന (എഫെ. 6:19,20). വേലയ്ക്കു വിളി ലഭിച്ച ബർന്നബാസിനെയും ശൗലിനെയും ഉപവസിച്ചു പ്രാർത്ഥിച്ച് അയച്ച അന്ത്യൊക്യസഭയുടെ മാതൃക അനുകരണീയമാണ് (അപ്പൊ. പ്ര. 13:1–3). ഒന്നാം മിഷനറിയാത്രയിലെ വേല വിജയപ്രദമായതിന്റെ പിറകിൽ പ്രാർത്ഥനയ്ക്ക് പ്രഥമസ്ഥാനമുണ്ട്. കപ്പൽ കയറി അന്ത്യൊക്യസഭയിൽ മടങ്ങിവന്ന ദൈവദാസന്മാർ, ദൈവം തങ്ങളോടുകൂടെ ഇരുന്നു ചെയ്തതും ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തത് അറിയിച്ചതും അതിനുള്ള തെളിവാണ് (അപ്പൊ. പ്രവൃ. 14:27). വെയിത്സിലെ സുവിശേഷപ്രവർത്തനങ്ങളുടെയും ഉണർവ്വിന്റെയും പ്രഥമവും പ്രധാനവുമായ കാരണം, "വെയിത്സിനെ സന്ദർശിക്കേണമേ" എന്ന് വിശ്വാസത്തോടെ പ്രാർത്ഥിച്ച നാൽപതിനായിരത്തോളം വിശ്വാസികളായിരുന്നു. 1904,1905 എന്നീ വർഷങ്ങൾ ചരിത്രത്തിലെ സുവർണ്ണരേഖയായി ഇന്നും നിലകൊള്ളുന്നു. ഈ കാലയളവിൽ അനേകം പാപികൾ രക്ഷയിലേക്ക് നടത്തപ്പെട്ടു. പ്രാർത്ഥനയെന്ന മാധ്യമം ഏതൊരു വിശ്വാസിക്കും ശാരീരികപ്രയാസങ്ങൾ അനുഭവിക്കുന്നവരെങ്കിലും വേലയ്ക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. വേലയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം വേലക്കാരുടെ ഭൗമിക ആവശ്യങ്ങൾക്കായും ദൈവസന്നിധിയിൽ ജാഗരിപ്പാൻ വിശ്വാസികൾ ബാധ്യസ്ഥരാണെന്ന് മറന്നുകൂടാ!

> **വേലയെ സഹായിക്കുന്ന ധാരാളം സഭകളും, വ്യക്തികളും നമുക്കുണ്ടെന്നതു വിസ്മരിക്കാതിരിക്കുമ്പോൾ തന്നെ, ഈ രംഗത്തു പരാജയമടഞ്ഞിരിക്കുന്ന സഭകളും, വ്യക്തികളും ദൈവവചനത്തിനു മുമ്പിൽ കണ്ണു തുറപ്പാൻ ആവശ്യമുണ്ട്.**

**2. കൊടുക്കുക:** വേലയിൽ വിശ്വാസികൾക്കു ചെയ്യാവുന്ന മറ്റൊരു കാര്യമാണ് ദൈവവേലയ്ക്കായി കൊടുക്കുകയെന്നത്. തന്റെ വേലയ്ക്കായുള്ള പണം തന്റെ മക്കളിലൂടെയാണ് നിവർത്തിക്കപ്പെടേണ്ടത്. "മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആർ? ആട്ടിൻകൂട്ടത്തെ മേയിച്ചു കൂട്ടത്തിന്റെ പാൽകൊണ്ടു ഉപജീവിക്കാതിരിക്കുന്നവൻ ആർ? "മെതിക്കുന്ന കാളയ്ക്ക് മുഖക്കൊട്ട കെട്ടരുത്" (1 കൊരി. 9:7–9). ഫിലിപ്യയിലെ വിശ്വാസികൾ പൗലോസ് അപ്പൊസ്തലന്റെ സുവിശേഷഘോഷണത്തിൽ ഒന്നാം നാൾമുതൽ കൂട്ടായ്മ കാണിച്ചവരാണ്. ഇത് പൗലോസിന് സ്തോത്രം ചെയ്യുവാൻ മതിയായതായിരുന്നു (1:5,6). തങ്ങളെ സുവിശേഷത്താൽ വീണ്ടും ജനിപ്പിച്ച പിതാവായ പൗലോസിനെക്കുറിച്ച് ഫിലിപ്പ്യ വിശ്വാസികൾക്ക് വളരെ വിചാരം ഉണ്ടായിരുന്നു ( 4:10). തന്റെ കഷ്ടതയിൽ അവരുടെ കൂട്ടായ്മ തനിക്കു ആശ്വാസമായിരുന്നു (4:14). സുവിശേഷഘോഷണത്തിന്റെ ആരംഭം മുതൽ തെസ്സലോനിക്യയിലുമുള്ള ബുദ്ധിമുട്ടുകൾ തീർക്കുവാൻ പര്യാപ്തമായ കൂട്ടായ്മയെ പൗലോസ് ശ്ലാഘിക്കുന്നുമുണ്ട് ( 4:15,16). ഇന്നു ➤➤ 5

## -: തിരുമൊഴി :-

"സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നത് യുക്തം ആയിരുന്നു."

– എബ്രായർ 2:10

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | സാജു പി. സ്റ്റീഫൻ |
| അസോ. എഡിറ്റർ | : | സാമുവൽ തോമസ് |
| മാനേജിംഗ് എഡിറ്റർ | : | സാംസൺ സാമുവൽ |
| സർക്കുലേഷൻ മാനേജർ | : | എ.ഡി. ജെയിംസ് |
| വാർഷിക വരിസംഖ്യ | | |
| ഇന്ത്യയിൽ | : | ₹ 200/– |
| യു.എസ്.എ./കാനഡ | : | $ 100 |
| ഗൾഫ് നാടുകൾ | : | ₹ 2500/– |

വാർത്തകളും രചനകളും ഈ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ അസ്സോസിയേറ്റ് എഡിറ്ററുടെ വിലാസത്തിൽ എത്തിക്കുക.
വരിസംഖ്യയും സംഭാവനകളും മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയക്കുക.
പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.
**ബാങ്ക് വിവരങ്ങൾ** :
Bank of Baroda, Piravom, A/c. No. 25110100001429,
IFSC Code: BARB0PIRVOM
ഡി.ഡി.യും ചെക്കും '**സുവിശേഷധ്വനി**' എന്നപേരിൽ മാത്രം അയക്കുക.
email : suviseshadhwani2011@gmail.com

ഗോത്രങ്ങൾ തേടി..... 128

(രാജസ്ഥാൻ -8)


# രാജസ്ഥാനിലെ ക്രിസ്ത്യാനികൾ

**ജനസംഖ്യ : 60 ദശലക്ഷം (6 കോടി)**

**ക്രിസ്ത്യാനികൾ : 72,660 (രാജസ്ഥാനിൽ, സെൻസസ് 2001)**

**പ്രധാന മതങ്ങൾ : ഹിന്ദു, മുസ്ലിം**

**കഠിനമായ പ്രതികൂലത്തിന്റെ മധ്യത്തിലും നിലനിൽക്കുന്ന സുവിശേഷവേല ഉണ്ടാകുക എന്നതാണ് ഒരു വലിയ വെല്ലുവിളി. അതുപോലെ തന്നെ സ്വദേശീയരും മുതിർന്നവരുമായ നേതാക്കൾ സജ്ജമാക്കപ്പെടുക എന്നതും ഒരു വെല്ലുവിളിയാണ്.**







**പാ**സ്റ്റർ ജോണിന്റെ വീട്ടുവാതിലിൽ ആരോ ശക്തമായി മുട്ടുന്ന ശബ്ദം കേട്ടു. അദ്ദേഹത്തിന്റെ ഭാര്യ സുനിത പതിയെ വാതിൽ തുറക്കുമ്പോഴേക്കും മൂന്നു പേർ വാതിൽ തള്ളിത്തുറന്നു അകത്തേക്കു കയറി കഴിഞ്ഞിരുന്നു. വാസ്തവത്തിൽ എന്താണു സംഭവിക്കുന്നതെന്നു അവർക്കു ബോധ്യമാകും മുമ്പേ അവർ കയ്യിൽ കരുതിയിരുന്ന ഇരുമ്പ് ദണ്ഡുകൾകൊണ്ട് പാസ്റ്ററെ മർദ്ദിക്കുവാൻ തുടങ്ങി. പാസ്റ്ററുടെ ഭാര്യയും കുഞ്ഞും നിസ്സഹായരായി നോക്കി നിൽക്കുമ്പോൾ മുഖംമൂടി അണിഞ്ഞ മറ്റു ചിലർ അവരുടെ പാത്രങ്ങളും ഗൃഹോപകരണങ്ങളുമെല്ലാം തല്ലി തകർത്തു. മാരകമായി മുറിവേറ്റ പാസ്റ്ററെ അവർ വീടിനു പുറത്തേക്കു വലിച്ചിഴച്ചു. പിന്നീട് നല്ലവരായ ചില അയൽക്കാർ പാസ്റ്റർ ജോണിനെ ആശുപത്രിയിലേക്കു കൊണ്ടുപോയി. ദുഃഖകരമെന്നു പറയട്ടെ, ഇത്ര ക്രൂരമായ പ്രവൃത്തി ചെയ്തവർക്കെതിരെ യാതൊരു നടപടിയുമുണ്ടായില്ല.

മതപരിവർത്തനം ചെയ്യുന്നു എന്നാരോപിച്ച് ക്രിസ്ത്യാനികൾ പലപ്പോഴും മതതീവ്രവാദികളുടെ ആക്രമണങ്ങൾക്ക് ഇരയാകാറുണ്ട്. അനേക പാസ്റ്റർമാരേയും വിശ്വാസികളെയും ആക്രമിച്ച് പോലീസിൽ ഏല്പിച്ചിട്ടുണ്ട്.

രാജസ്ഥാൻ സ്വദേശികൾ നൂറ്റാണ്ടുകൾക്കു മുമ്പേ ഹിന്ദു മതം സ്വീകരിച്ചവരാണ്. സംസ്ഥാനത്ത് 89% ജനങ്ങളും ഹിന്ദുക്കളാണ്. ജനസംഖ്യയിൽ 8.5% മുസ്ലിംങ്ങളും ബാക്കിയുള്ളവർ സിക്കുമത വിശ്വാസികളോ ജൈനമതക്കാരോ ആണ്. ക്രിസ്ത്യാനികൾ വളരെ കുറച്ചു മാത്രമേയുള്ളു. പ്രധാനമായും ഗോത്രവർഗ്ഗക്കാരിലും ദളിത് വിഭാഗങ്ങളിലും പെട്ടവരാണ് ഇവർ.

1859-ൽ സ്കോട്ട്ലന്റിലെ ഐക്യ പ്രസ്ബിറ്റേറിയൻ സഭ ഷൂൾബ്രഡ്, സ്റ്റീലെ എന്നീ മിഷനറിമാരെ രാജസ്ഥാനിലേക്ക് അയച്ചു. നിർഭാഗ്യവശാൽ പ്രതികൂല കാലാവസ്ഥ മൂലം സ്റ്റീലെ രോഗം ബാധിച്ചു മരിച്ചു. ദുർബലനായി എങ്കിലും ഷൂൾബ്രഡ് വ്യത്യസ്തമായ സുവിശേഷ പ്രവർത്തനവുമായി മുമ്പോട്ടു പോയി. തന്റെ താമസസ്ഥലത്ത് ഞായറാഴ്ച ആരാധന നടത്തുക, സ്കൂളുകൾ ആരംഭിക്കുകയും മറ്റു മത വിശ്വാസികളുമായി ചർച്ചകൾ നടത്തുവാനുള്ള സംരംഭങ്ങൾ ഒരുക്കുക, പരസ്യയോഗങ്ങൾ നടത്തുക തുടങ്ങിയ ശുശ്രൂഷകളിൽ 1896 -ൽ തന്റെ മരണം വരെയും ഷൂൾബ്രഡ് പ്രവർത്തിച്ചുകൊണ്ടിരുന്നു. ചർച്ച് മിഷൻ സൊസൈറ്റി കനേഡിയൻ പ്രസ്ബിറ്റേറിയൻ മിഷൻ, യുണൈറ്റഡ് ചർച്ച് ഓഫ് കാനഡ മിഷൻ തുടങ്ങിയ സുവിശേഷ പ്രസ്ഥാനങ്ങൾ പല കാലഘട്ടങ്ങളിലായി രാജസ്ഥാന്റെ വിവിധ ജില്ലകളിൽ സുവിശേഷപ്രവർത്തനങ്ങൾ ആരംഭിച്ചു.

സി.എൻ.ഐ. (ചർച്ച ഓഫ് നോർത്ത് ഇന്ത്യ) ആണ് നിലവിലെ രാജസ്ഥാനിലെ പ്രധാന സഭ. തെക്കേ ഇന്ത്യയിൽ നിന്നുള്ള അനേകം മിഷനറിമാരും ഇവിടെ സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. എങ്കിലും ജനസംഖ്യാ വിവരമനുസരിച്ച് 0.1%മാത്രമാണ് രാജസ്ഥാനിലെ ക്രിസ്ത്യാനികൾ. ഭൂരിപക്ഷം ക്രിസ്ത്യാനികളും തദ്ദേശവാസികളല്ല. അവർ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ബാനസ്വാര, അജ്മീർ, ജയ്പൂർ തുടങ്ങിയ ജില്ലകളിലാണ്.

### പ്രാർത്ഥനയ്ക്കായി

- സുവിശേഷീകരണത്തിന് സ്വാതന്ത്ര്യം ലഭിക്കുവാൻ...
- രാജസ്ഥാനിൽ ഭീഷണിയുടെ നടുവിൽ ജീവിക്കുന്ന മിഷനറിമാർക്ക് ദൈവത്തിന്റെ സംരംക്ഷണം ലഭിക്കുന്നതിനായി...
- രാജസ്ഥാനിലെ മുസ്ലിംങ്ങളിലും ഉന്നതജാതിക്കാരിലും, സുവിശേഷം എത്താത്ത ഇടങ്ങളിലും ജനം യേശുവിന്റെ സ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)



# സ്വർഗ്ഗവും നരകവും ഈ ഭൂമിയിൽ തന്നെയോ?

**വി.സി. സാമുവേൽ, കൊച്ചി**

**ര**ണ്ടു പേർ തമ്മിലുള്ള ചർച്ചയിൽ പണക്കാർക്കൊക്കെ സ്വർഗ്ഗം ഇവിടെ തന്നെയാണ്, പാവപ്പെട്ടവർക്ക് നരകം ഈ ലോകത്തിലുമാണ് എന്നു പറയുന്നത് കേട്ടു. ഇന്ന് പല വിശ്വാസികളുടെയും അഭിപ്രായം ഏറെക്കുറെ ഇതോട് യോജിക്കുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നു. യാഥാർത്ഥ്യം തിരുവചന വെളിച്ചത്തിൽ കൂടുതലായി പഠിക്കുവാൻ സാധിച്ചു. അതു മാന്യ വായനക്കാർക്കും പ്രയോജനപ്പെടുത്തുന്നതിനായി ഇവിടെ കുറിക്കുന്നു.

**1. ഒരു സ്വർഗ്ഗമുണ്ട്**

ഒരു സ്വർഗ്ഗം ഉണ്ടെന്നുള്ള സത്യം യേശു കർത്താവു തന്നെ നമ്മെ പഠിപ്പിച്ചു. യോഹന്നാൻ 14:2. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ നിങ്ങൾ എന്നോടുകൂടെ ഇരിക്കേണ്ടതിന് ഞാൻ പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." ഇത്ര മനോഹരവും വിശദവുമായ വചനം നിലനിൽക്കുമ്പോൾ എന്തിന് സംശയിക്കുന്നു. നിശ്ചയമായും ഒരു സ്വർഗ്ഗമുണ്ട്. അപ്പൊസ്ഥലനായ പൗലോസിനും സ്വർഗ്ഗത്തെപ്പറ്റി ഉത്തമബോധ്യം ഉണ്ടായിരുന്നു. 2 കൊരി. 5:8 ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട് ശരീരം വിട്ട് കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു. പഴയനിയമഭക്തനായ അബ്രഹാമും അതിനു വേണ്ടി നോക്കി പാർത്തിരുന്നുവെന്ന് തിരുവെഴുത്ത് പറയുന്നു. നാം അറിയുന്നു, നാം ഉറച്ചിരിക്കുന്നു. നാം ധൈര്യപ്പെട്ടിരിക്കുന്നു: ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി അബ്രഹാം നോക്കിപാർത്തിരുന്നു. നമ്മെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ സ്വാഗതം ചെയ്യുവാൻ ക്രിസ്തു അവിടെ ഉണ്ടായിരിക്കും.

ഭൂമിയിൽ ഒരിക്കലും പഠിച്ചിട്ടില്ലാത്തതും അറിഞ്ഞിട്ടില്ലാത്തതുമായ കാര്യങ്ങളെക്കുറിച്ച് വലിയ അറിവും പരിജ്ഞാനവും ലഭിക്കുന്ന ഒരു സ്ഥാനമാണ് സ്വർഗ്ഗമെന്ന് തിരുവചനം പറയുന്നു.

യാതൊരു ശാപവും ഇനി ഉണ്ടാകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. വെളിപ്പാട് 22:3 നോക്കുക. അവിടെ സമ്പൂർണ്ണ സന്തോഷത്തിന്റെയും ആരാധനയുടെയും പാട്ടിന്റെയും സ്ഥാനമായിരിക്കും. ഒരിക്കലും ക്ഷീണിക്കുകയില്ല. മഹാസന്തോഷം- ഒരു സ്വർഗ്ഗമുണ്ട് നിശ്ചയം.

**ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ട് ശരീരം വിട്ട് കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു.**

ആരാണ് സ്വർഗ്ഗത്തിൽ പോകുന്നത്? കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിച്ചവർ സ്വർഗ്ഗത്തിന് അവകാശികളാണ്. പാപങ്ങളെ ഏറ്റു പറഞ്ഞ് വചനാനുസരണം ജീവിക്കുക. സ്വർഗ്ഗം നിങ്ങൾക്കും ലഭിക്കും.

**2. ഒരു നരകമുണ്ട്**

ദൈവത്തിൽ നിന്നുള്ള വേർപാടാണ് നരകം. അതു രണ്ടാമത്തെ മരണം. ലാസറും ധനവാനും തമ്മിലുള്ള സംഭാഷണത്തിൽ നരകത്തിൽ കിടന്ന് കഷ്ടത അനുഭവിക്കുന്ന ധനവാൻ പറയുന്നത് "ഞാൻ ഈ ജ്വാലയിൽ കിടന്ന് വേദന അനുഭവിക്കുന്നു"(ലൂക്കോ. 16:24). സഹോദരനോട് മൂഢാ എന്നു പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും" മത്താ. 5:22 "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും. അവർ അവന്റെ രാജ്യത്തിൽ നിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടി ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. അന്ന് നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. മത്തായി 13:41,42. ലോകാവസാനത്തിൽ ദൂതന്മാർ പുറപ്പെട്ട് നീതിമാന്മാരുടെ ഇടയിൽ നിന്ന് ദുഷ്ടന്മാരെ വേർതിരിച്ച് തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. മത്താ. 13:49,50. പിന്നെ അവൻ ഇടത്തുള്ളവരോട് ശപിക്കപ്പെട്ടവരേ എന്നെ വിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ എന്നു പറയും. മത്താ. 25:41. അവൻ പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളകയും ചെയ്യും. മത്താ. 3:12. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിഞ്ഞവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും 2 തെസ്സ. 1:5,6. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും. വെളി. 20:13-15. "എന്നാൽ ഭീരുക്കൾ അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ ബിംബാരാധികൾ എന്നിവർക്കും ഭോഷ്കു പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രെ." വെളി. 21:8 യേശുകർത്താവു തന്നെ തന്റെ ഗിരിപ്രഭാഷണത്തിലെ ചില പ്രയോഗങ്ങളിലൂടെ ഒരു നരകം ഉണ്ടെന്ന സത്യം വെളിവാക്കുന്നു. "എന്നാൽ വലങ്കണ്ണ് നിനക്ക് ഇടർച്ച വരുത്തുന്നു എങ്കിൽ അതിനെ ചൂഴ്ന്നെടുത്ത് എറിഞ്ഞു കളക. നിന്റെ ശരീരം മുഴുവനും നരകത്തിൽ വീഴുന്നതിനെക്കാൾ നിന്റെ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ. വലങ്കൈ നിനക്ക് ഇടർച്ച വരുത്തു

▶ 4



വന്ന വഴികൾ – 48

# മധ്യപ്രദേശ് കാമ്പയിന്റെ ഒടുവിലത്തെ മാസങ്ങൾ

**വൈ.എം.ഇ.എഫ്. കാമ്പയിൻ ചില വർഷങ്ങൾ നടന്നപ്പോൾ അതിനോടു ചേർന്ന് അത്യുത്സാഹ പൂർവ്വം സഹകരിക്കുകയും സഹായിക്കുകയും സൽക്കരിക്കുകയും ചെയ്ത ഭോപ്പാൽ സഭാംഗങ്ങളോടുള്ള നന്ദി അറിയിച്ചു കണ്ണുനീരോടെ ആയിരുന്നു ഞങ്ങൾ വിടവാങ്ങിയത്.**

**ഇ.ജെ. പൈലി, അങ്കമാലി**

**1–10–83–ൽ** ആരംഭിച്ച മധ്യപ്രദേശ് കാമ്പയിൻ 1986–ൽ സമാപിക്കുമ്പോൾ ഒടുവിലത്തെ മാസങ്ങളിലും കാമ്പയിനിൽ പങ്കെടുക്കുവാൻ ഈ എഴുത്തുകാരനെ കർത്താവ് ബലപ്പെടുത്തി. 1983–ൽ പുതിയ വാഹനവുമായി ടീം എം. പി. യിലേക്ക് യാത്ര തിരിക്കുമ്പോൾ ടീമിനെ നയിക്കുവാൻ എനിക്കു ഭാഗ്യം ലഭിച്ചു. ടീമിനെ നയിക്കുന്നത് വളരെ ക്ലേശകരമായ കാര്യമാണെങ്കിലും വലിയ ആത്മീയ സന്തോഷമനുഭവിക്കുവാനും കഴിയുമായിരുന്നു. ഒടുവിലത്തെ മാസങ്ങളിൽ ടീമിനെ നയിച്ചിരുന്നത് സഹോദരൻ ദാനിയേൽ വില്യംസായിരുന്നു. 23–05–1986–ൽ ഗോരഖ്പൂർ എക്സ്പ്രസ്സിൽ ഞാനും കൊടുങ്ങല്ലൂർകാരൻ ഷെല്ലി എന്ന സഹോദരനും കൂടെ മധ്യപ്രദേശിലെ ബേതുൽ എന്ന സ്ഥലത്തേക്ക് യാത്ര പുറപ്പെട്ടു. പിറ്റേ ദിവസം പാതിരാത്രി ഞങ്ങൾ ക്ഷേമമായി ബേതുൽ പട്ടണത്തിലെത്തി. അവിടുത്തെ ലൂഥറൻ പള്ളിയിലായിരുന്നു നമ്മുടെ ടീം താമസിച്ചിരുന്നത്. പള്ളിയുടെ അകത്ത് താമസിക്കാൻ അനുവദിച്ചില്ല. രാത്രി ശക്തിയായി കാറ്റടിച്ചപ്പോൾ വരാന്തയിൽ കിടന്നുറങ്ങിയിരുന്ന ഞങ്ങൾ മണൽകാറ്റിൽ അകപ്പെട്ടുപോയി. ഉടനെ പാസ്റ്റർ വന്ന് ഞങ്ങളുടെ അവസ്ഥ കണ്ട് പള്ളിക്കകത്ത് കിടന്നുറങ്ങുവാൻ അനുവദിച്ചു. നോക്കണേ, സുവിശേഷമറിയിക്കുവാൻ നൂറുകണക്കിനു മൈലുകൾ യാത്ര ചെയ്ത് കേരളത്തിൽ നിന്നും എത്തിയ ദൈവമക്കൾക്ക് കിടക്കുവാൻ പള്ളിയിൽ ഇടമില്ല. എങ്കിലും ഇടം തരുവാൻ മണൽക്കാറ്റ് അവരെ നിർബന്ധിച്ചു.

ആദിവാസികൾ ധാരാളമുള്ള ഒരു ജില്ലയാണ് ബേതുൾ. ഇവിടെ ഇപ്പോൾ ഏബ്രഹാം വി. ദാനിയേൽ (കളമശ്ശേരി സഭാംഗം) സുവിശേഷവേല ചെയ്യുന്നു. ലൂഥറൻ സഭ വകയായി സാമൂഹ്യ പ്രവർത്തനങ്ങൾ (കുഴൽ കിണർ കുഴിക്കൽ മുതലായവ) ധാരാളം ചെയ്യുന്നുണ്ട്. പല ഗ്രാമങ്ങളും സന്ദർശിച്ച് സുവിശേഷം അറിയിപ്പാൻ കർത്താവ് ഞങ്ങളെ ബലപ്പെടുത്തി. ഒരു ഗ്രാമത്തിൽ വച്ച് ഹിന്ദി ബൈബിളിന്റെ കാര്യം പ്രസ്താവിക്കാതെ പ്രസംഗകൻ എന്റെ കയ്യിൽ മടക്കിതന്നു. വീണ്ടും അത് അനൗൺസ് ചെയ്യാൻ പറഞ്ഞു കൊടുത്തു. അപ്പോൾ ഇതാ, ഒരു ഗ്രാമണീണൻ അത് വില തന്ന് വാങ്ങി. എന്തൊരത്ഭുതം! ബൈബിൾ ആ ഗ്രാമത്തിൽ അത്ഭുതങ്ങൾ ചെയ്യുവാനിടയായെങ്കിൽ! വേറൊരു ഗ്രാമത്തിൽ പാവപ്പെട്ടവരായ ഗ്രാമീണർ പലർ ചേർന്ന് ഒരു പിരിവെടുത്ത് ബൈബിൾ വാങ്ങി. വേറൊരു ഗ്രാമത്തിൽ രണ്ടു ബൈബിൾ ചെലവായി.

**ഈ കാമ്പയിൻ നടന്നപ്പോൾ രണ്ടു ഗുരുതര പ്രശ്നങ്ങൾ നേരിട്ടു. ഒന്ന്, ഭോപ്പാൽ ഗ്യാസ് ദുരന്തം– അന്ന് ടീം ഭോപ്പാലിലുണ്ടായിരുന്നു. രണ്ട്, ഇന്ദിരാ ഗാന്ധി വധം– അപ്പോൾ ടീം ഈ ദുരന്തം അറിയാതെ യാത്ര ചെയ്തു. കർത്താവ് ഈ പ്രശ്നങ്ങളുടെ നടുവിൽ ടീമിനെ സൂക്ഷിച്ചു.**

ബേതുളിലെ പ്രവർത്തനം കഴിഞ്ഞ് ഭോപ്പാലിലേക്കാണ് പോയത്. 1–6–86 ഞായറാഴ്ച ഭോപ്പാലിന്റെ സമീപജില്ലയായ റെയ്സൺ എന്ന സ്ഥലത്തെ യോഗത്തിൽ പോയി സംബന്ധിച്ചു. ആ സ്ഥലത്ത് വൈ.എം.ഇ.എഫ്. കാമ്പയിൻ നടന്നപ്പോൾ ഒരു ഹിന്ദി കുടുംബവും മാർത്തോമാ കുടുംബവും കർത്താവിനെ സ്വീകരിക്കുകയും സ്നാനപ്പെടുവാൻ ഒരുങ്ങിയിരിക്കയുമാണ്. ഭോപ്പാലിൽ നിന്നും സഹോദരൻ വി.കെ. ഏബ്രഹാം അവിടെ ഞായറാഴ്ച തോറും പോയി പ്രവർത്തിക്കുന്നുണ്ടായിരുന്നു. വൈ.എം.ഇ.എഫ്. കാമ്പയിൻ ചില വർഷങ്ങൾ നടന്നപ്പോൾ അതിനോടു ചേർന്ന് അത്യുത്സാഹപൂർവ്വം സഹകരിക്കുകയും സഹായിക്കുകയും സൽക്കരിക്കുകയും ചെയ്ത ഭോപ്പാൽ സഭാംഗങ്ങളോടുള്ള നന്ദി അറിയിച്ചു കണ്ണുനീരോടെ ആയിരുന്നു ഞങ്ങൾ വിടവാങ്ങിയത്. സഹോദരൻ കെ.ഇ. ഏബ്രഹാമും കുടുംബവും ചെയ്ത സഹകരണം പ്രത്യേകം പ്രസ്താവ്യമാണ്. പ്രിയ സഹോദരൻ ഇപ്പോഴും മധ്യപ്രദേശിലെ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ഉത്സാഹത്തെ ഓർത്ത് ദൈവത്തെ സ്തിക്കുന്നു.



മധ്യപ്രദേശിലെ ദുർഗിൽ. വാഹനത്തിന് മുമ്പിൽ നില്ക്കുന്നവർ: ഇ.ജെ. പൈലി, കെ.വി.ജോൺ, പി.എസ്. ചെറിയാൻ.

45 ജില്ലകളുള്ളതിൽ ഒടുവിലത്തെ ജില്ലയായ ചിന്ദ്വാഡയിലേക്ക് പിന്നീടു നീങ്ങി. ബേതുലിൽ പള്ളി വരാന്തയിൽ തറയിലാണ് കിടക്കേണ്ടി വന്നതെങ്കിൽ ചിന്ദ്വാഡയിൽ ലൂഥറൺ ചർച്ചിന്റെ ഗസ്റ്റുഹൗസിൽ രാജകീയ സൗകര്യമാണ് ലഭിച്ചത്. കർത്താവിന്റെ വേലയ്ക്കു പോകുമ്പോൾ എല്ലാ സാഹചര്യങ്ങളിലും ജീവിപ്പാൻ ഒരുങ്ങിയിരിക്കണം. "തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു" എന്നാണല്ലോ പൗലോസ് പറഞ്ഞത് (ഫിലി. 4:12). ചിന്ദ്വാഡപട്ടണത്തിന്റെ പല ഭാഗങ്ങളിലും പരസ്യയോഗങ്ങൾ നടത്തുവാനും ചുറ്റുപാടുമുള്ള അനേകം ഗ്രാമങ്ങളിൽ വചനം പ്രസംഗിക്കാനും ഇടയായി. ഹിന്ദിയിൽ നല്ല സ്വാധീനമുള്ള സഹോദരൻ ബാബുതോപ്പിൽ ടീമിൽ ഉണ്ടായിരുന്നതുകൊണ്ട് ഗ്രാമീണരെ ആകർഷിച്ച് സുവിശേഷമറിയിപ്പാൻ കഴിഞ്ഞു. പ്രിയ ബാബു തോപ്പിൽ ഉത്സാഹപൂർവ്വം മധ്യപ്രദേശിലെ കട്നിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. വലിയ ചൂടുള്ള സമയമായിരുന്നെങ്കിലും ചിന്ദ്വാഡയുടെ ചുറ്റും ഗ്രാമങ്ങളിൽ അനുഗ്രഹിക്കപ്പെട്ട വേല നടക്കാനിടയായി. ചിന്ദ്വാഡയിൽ ആരെങ്കിലും താമസിച്ചു പ്രവർത്തിച്ചെങ്കിൽ എന്ന് ആഗ്രഹിക്കുന്നു.

12–6–86 ൽ ഞങ്ങൾ നാഗ്പൂർ വഴി രാജനന്ദ്ഗാവിൽ ചെന്നു. അവിടെ റ്റി.ജി. തങ്കച്ചന്റെ ഭവനത്തിൽ നടന്ന രാത്രിയോഗത്തിൽ രാജൻ, ഷെല്ലി എന്നീ രണ്ടു പേർ കർത്താവിനെ പരസ്യമായി സ്വീകരിച്ചു. അങ്ങനെ മധ്യപ്രദേശ് കാമ്പയിൻ 32 മാസങ്ങളിലെ പ്രവർത്തനശേഷം 18–6–86 ൽ സമാപിച്ചു. അന്നു രാത്രി 11.45 ന് ഞങ്ങൾ നാഗ്പൂരിലേക്ക് യാത്ര പുറപ്പെട്ടു. ഈ കാമ്പയിൻ നടന്നപ്പോൾ രണ്ടു ഗുരുതര പ്രശ്നങ്ങൾ നേരിട്ടു. ഒന്ന്, ഭോപ്പാൽ ഗ്യാസ് ദുരന്തം– അന്ന് ടീം ഭേപ്പാലിലുണ്ടായിരുന്നു. രണ്ട്, ഇന്ദിരാഗാന്ധി വധം– അപ്പോൾ ടീം ഈ ദുരന്തം അറിയാതെ യാത്ര ചെയ്തു. കർത്താവ് ഈ പ്രശ്നങ്ങളുടെ നടുവിൽ ടീമിനെ സൂക്ഷിച്ചു. ദൈവത്തിനു സ്തോത്രം. മടക്കയാത്രയിൽ ബംഗളൂരിൽ ഒരു ഞായറാഴ്ച രണ്ടു സഭകളിലായി ചെലവഴിച്ചു. 23–6–86 ൽ അങ്കമാലിയിൽ മടങ്ങിയെത്തിയപ്പോൾ മുൻ ചക്രം ഊരിപ്പോയി വലിയ അപകടം നേരിടാമായിരുന്നെങ്കിലും കർത്താവ് സൂക്ഷിച്ചു. അന്നു തന്നെ വാഹനം പുറപ്പെട്ട സ്ഥാനത്തു കൊച്ചിയിലെത്തി. ദീർഘയാത്രകളിൽ അത്ഭുതകരമായി കരങ്ങളിൽ വഹിച്ച ദൈവത്തിനു സ്തോത്രം. ●

---

▶ 3

ന്നുവെങ്കിൽ അതിനെ വെട്ടി എറിഞ്ഞു കളക. നിന്റെ അവയവം മുഴുവനും നരകത്തിൽ പോകുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്ന് നശിക്കുന്നത് നിനക്ക് പ്രയോജനമത്രെ. മത്താ. 5:29,30 ഒരു നരകമുണ്ട് എന്നുള്ള സത്യം മനസ്സിലാക്കാം. ഏറ്റവും ഏകാന്തമായ സ്ഥാനമാണ് നരകം. നരകത്തിൽ വേദനയും ദുഃഖവും വ്യഥയും മാത്രമാണ് ദൈവത്തെ സ്വീകരിക്കാത്തവർക്ക് ഉള്ളതാണ് നരകം. ഒരു നരകമുണ്ടെന്ന് തിരുവചനം പറയുന്നു.

**കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിഞ്ഞവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും.**

കർത്താവ് ഉപമകളും ദൃഷ്ടാന്തങ്ങളും നൽകി ഈ വിഷയം പഠിപ്പിക്കുകയും ഭൂമിയിൽ പാപപൂർണ്ണവും കപടഭക്തിയുമുള്ള ജീവിതത്തിനെതിരെ മനുഷ്യർക്കു ശക്തിയായ മുന്നറിയിപ്പ് നൽകി യഥാസ്ഥാനപ്പെടുവാൻ ഉപദേശിക്കുകയും ചെയ്യുന്നു. സ്വർഗ്ഗമുണ്ട് നരകവുമുണ്ട്. എവിടെ പോകണമെന്ന് നമുക്കുതന്നെ തീരുമാനിക്കാം.

പ്രിയമുള്ളവരെ, കർത്താവിനെ മാത്രം ആരാധിച്ച് നമസ്കരിക്കേണ്ടതിനാണ് കർത്താവു നമ്മെ ഈ ദുഷ്ടലോകത്തിൽ നിന്നും വിളിച്ചു വേർതിരിച്ചിരിക്കുന്നത്. രണ്ടു മേശയിലും പങ്കുകൊള്ളാതെ കർത്താവിന്റെ മാത്രം മേശയിൽ നിന്ന് നമുക്ക് ഭക്ഷിക്കാം. "വിഗ്രഹാരാധന വിട്ടോടുവിൻ" എന്ന ആഹ്വാനം 1 കൊരിന്ത്യരിൽ നൽകിയിട്ടുണ്ട്. ഉപജീവനവും സമ്പത്തും മുന്നിൽ കണ്ട് ദൈവവചനപ്രമാണങ്ങൾ ലംഘിക്കുമ്പോൾ നാം പാപത്തിൽ അകപ്പെടുന്നു. ഇതു കാണുവാനുള്ള കണ്ണു കുരുടാകാതിരിക്കട്ടെ. നമുക്കു പാപത്തിൽ അകപ്പെടാതെ ജീവിക്കാം.

വ്യക്തിപരമായും കുടുംബമായും ദൈവത്തെ ആരാധിച്ചു മഹത്വപ്പെടുത്താം. സ്വർഗ്ഗരാജ്യത്തിനു അവകാശികളാകാം. കർത്താവു നമുക്കു നൽകിയ അനുഷ്ഠാനം ക്രമ്മായും കൃത്യമായും ആചരിച്ച് കർത്താവിനോടു വിശ്വസ്തരായി കർത്താവിനെ നമുക്ക് ആരാധിക്കാം. കർത്താവിനോടുള്ള സ്നേഹത്തിലും വിശ്വാസത്തിലും ശുശ്രൂഷ നന്നായി ചെയ്യുന്നവരെ കർത്താവു മാനിക്കും; സ്വർഗ്ഗരാജ്യത്തിനു അവകാശിയും പ്രതിഫലത്തിനു അവകാശികളുമാകാം. കർത്താവു നമ്മെ അതിനായി സഹായിക്കട്ടെ.

വലിയവനായ കർത്താവിന്റെ വരവ് സമാഗതമായിരിക്കുന്നു. കറയും ചുളുക്കവുമില്ലാതെ കർത്താവു തന്റെ സഭയെ കാണുവാൻ വളരെ ആഗ്രഹിക്കുന്നു. കളങ്കമില്ലാത്തവരായി നമുക്കു സാക്ഷ്യം വഹിച്ച് കർത്താവിന്റെ വരവിനായി കാത്തിരിക്കാം. ഒരു സ്വർഗ്ഗമുണ്ട് എന്ന് തിരുവചനത്തിലൂടെ നമുക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. നമുക്ക് ജീവിതം ക്രമപ്പെടുത്തി വചനം അനുസരിച്ച് ജീവിക്കുവാൻ വലിയവനായ കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. ദൈവനാമം എന്നുമെന്നേക്കും മഹിമപ്പെടുമാറാകട്ടെ. ●

---

കവിത

# മഹത്വത്തിൻ രാജാവ് പ്രവേശിക്കട്ടെ...!

**സുനി ജോബി, അങ്കമാലി**

**നി**ദ്രയിലാണ്ടു പോയയ്യോ മനുജൻ തൻ
ഹൃത്തിൻ കവാടമടച്ചു പൂട്ടിടുന്നു.
ഉച്ചത്തിലൊന്നു വിളിക്കിലും കേൾക്കില്ല
മുട്ടുന്ന ശബ്ദമോ കേൾക്കുന്നതുമില്ല.

'ധൃതികൂട്ടിടുന്നതെന്തിന്' ചോദിപ്പു
വാതിൽക്കൽ നിൽക്കുന്നു രാജാവ് നിന്നുടെ
ശത്രുവാമെന്നു നിനച്ചിരിക്കാമവൻ
ശങ്ക തോന്നീടുന്നു വാതിൽതുറന്നിടാൻ

ആരാണീ രാജാവ്? മഹത്വത്തിൻ രാജാവ്
യുദ്ധവീരനവൻ സേനയിൻ അധിപൻ താൻ
ശക്തനവൻ നിൻ ഭവനം തകർത്തിടാൻ
ഇന്നു തുറന്നിടിൽ ധന്യം നിൻ ജീവിതം.

വാതിൽകളെ നിങ്ങൾ തലകളുയർത്തുവിൻ
മഹത്വത്തിൻ രാജാവ് പ്രവേശിച്ചിടട്ടെ!
വീണയും കിന്നരവുമായുള്ളോവെ നിങ്ങൾ
ഉണരുക, ഒരുങ്ങുക മണ്ണിന്റെ മക്കളേ...



email : suviseshadhwani2011@gmail.com

2 പല സ്ഥലം സഭകളും വിശ്വാസികളും സുവിശേഷകന്മാർക്ക് ശ്ലാഘ്യപത്രം (Commendation) നൽകി കൈ കഴുകുകയാണ്. ഈ വിഷയത്തിൽ വിശ്വാസികൾ പുനർചിന്തയ്ക്ക് വിധേയരാകണം. വേലയെ സഹായിക്കുന്ന ധാരാളം സഭകളും, വ്യക്തികളും നമുക്കുണ്ടെന്നതു വിസ്മരിക്കാതിരിക്കുമ്പോൾ തന്നെ, ഈ രംഗത്തു പരാജയമടഞ്ഞിരിക്കുന്ന സഭകളും, വ്യക്തികളും ദൈവവചനത്തിനു മുമ്പിൽ കണ്ണു തുറപ്പാൻ ആവശ്യമുണ്ട്. "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്നാണ് യജമാനനന്റെ വാക്കുകൾ (അപ്പൊ. പ്രവൃ. 20:35). ഒരിക്കൽ കർത്താവിന്റെ വേലയ്ക്കായി പഞ്ചാബിലേക്കു പോയപ്പോൾ ഒരു വിശ്വാസി തന്റെ ഒരു ദിവസത്തെ വേതനമായ നൂറ്റമ്പതു രൂപ വേലയ്ക്കായി നല്കിയത് ഈ എഴുത്തുകാരൻ ഇന്നും ഓർക്കുകയാണ്. ദരിദ്രയായ വിധവയുടെ വഴിപാടിനെ വിലയേറിയതായി കണ്ടവർ ഇന്നും തന്റെ വേലയ്ക്കായി കൊടുക്കുന്നവരെ ആദരിക്കാനും അനുഗ്രഹിക്കാനും സന്നദ്ധനാണ് (മത്താ. 10:42).

**3. പോകുക:** സുവിശേഷവേലയിൽ വളരെ പ്രാധാന്യമുള്ളൊരു വേലയാണിത്. വേലയ്ക്കു പോകുവാൻ പലർക്കും ആഗ്രഹമുണ്ടെങ്കിലും സമയത്തേയും ആരോഗ്യത്തെയും പഴിചാരി

**വിളിയില്ലാത്തവരെ സഭകൾ പ്രോത്സാഹിപ്പിക്കരുത്. പത്രോസ്, പൗലോസ് പ്രഭൃതികളുടെ സുവിശേഷവേലയിലെ വിജയഹേതു വിളി ലഭിച്ചുവെന്നതാണ്.**

ക്കൊണ്ടിരിക്കുകയാണ്. ഈ ലേഖനത്തിന്റെ പ്രാരംഭത്തിൽ സൂചിപ്പിച്ചതുപോലെ എല്ലാ വിശ്വാസികളും സുവിശേഷമറിയിപ്പാൻ കടപ്പെട്ടവരാണ്. എന്നാൽ പൂർണ്ണസമയ വേലയ്ക്കു ദൈവനിയോഗവും വിളിയും നിർബന്ധമാണ് (അപ്പൊ.പ്രവ.13:1–3). പല വിശ്വാസികൾക്കും ഇന്ന് തന്റെ തൊഴിൽ മേഖലയിലുള്ളവരോടും ഇതരരോടും സുവിശേഷം പറയുവാൻ മടിയാണ്. സുവിശേഷത്തെക്കുറിച്ച് നമുക്കു ലജ്ജ പാടില്ല (റോമ. 1:16). സഹപ്രവർത്തകരോട് വചനം പങ്കുവെച്ച് അവരെ രക്ഷയിലേക്കു നയിച്ച വിശ്വാസികളും ഒരുപാടുണ്ട്. ദൈവവേലയ്ക്കായി ദൈവം വിളിച്ചവരെയാണ് സഭ വേർതിരിക്കേണ്ടത്. കുടുംബത്തിന്റെ പ്രതാപം പ്രകടിപ്പിക്കാനോ, തൊഴിൽ രഹിതനായതുകൊണ്ടോ, വേലക്കിറങ്ങുന്നത് അപകടകരമായ പ്രവണതയാണ്. വിളിയില്ലാത്തവരെ സഭകൾ പ്രോത്സാഹിപ്പിക്കരുത്. പത്രോസ്, പൗലോസ് പ്രഭൃതികളുടെ സുവിശേഷവേലയിലെ വിജയഹേതു വിളി ലഭിച്ചുവെന്നതാണ്. സ്കോട്ട്ലൻഡിലെ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട ജോണിന് ബിസ്സിനസ്സിൽ താല്പര്യമുന്നി കാനഡയിലേക്ക് കുടിയേറിപ്പോൾ സഹോദരൻ ഡേവിഡിനാകട്ടെ ദൈവവിളിയനുസരിച്ച് സുവിശേഷ ദൗത്യവുമായി ആഫ്രിക്കയുടെ വനാന്തരങ്ങളിലേക്കു പോയി. ഇദ്ദേഹമാണ് കർത്താവിൽ പ്രസിദ്ധനായ ഡേവിഡ് ലിവിംഗ്സ്റ്റൺ. ദൈവനിയോഗിതനായ ഇദ്ദേഹത്തിന്റെ പ്രവർത്തനത്താൽ അനേകം നരഭോജികൾ നരസ്നേഹികളായി മാറി. ഈ ചരിത്രം ആരെയാണ് കോൾമയിർ കൊള്ളിക്കാത്തത്? രക്ഷയ്ക്കായുള്ള വിളി എല്ലാവർക്കുമുണ്ടെങ്കിലും വേലയ്ക്കായുള്ള പ്രത്യേക നിയോഗം എല്ലാവർക്കുമില്ലായെന്നത് പ്രത്യേകാൽ മനസ്സിലാക്കേണ്ടതാണ്. "പോകുവിൻ" എന്ന അരുമനാഥന്റെ ആഹ്വാനം കർണ്ണപുടങ്ങളിൽ പതിച്ചവർ മാത്രമേ വേലയ്ക്കു പോകാവൂ (ലൂക്കോ. 10:3).

പ്രിയ വിശ്വാസികളെ, ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നതുകൊണ്ട് പകൽ ഉള്ളിടത്തോളം നാം കർത്തൃവേലയിൽ വർദ്ധിച്ചുവരുവാൻ ആവശ്യമുണ്ട് (യോഹ. 9:4). നമ്മുടെ സമയവും പണവും ആരോഗ്യവും പ്രാണൻ തന്നവനായി കൊടുക്കാം. "ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്ന് അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ" (1 കൊരി. 15:58). ഏവരേയും ദൈവം സഹായിക്കട്ടെ.

# മഹത്വത്തിൽ



**തിരുവനന്തപുരം:** ചേരപ്പള്ളി ബ്രദറൺ സഭാംഗമായിരുന്ന സഹോദരൻ **സി. ആന്റണി (54)** ഏപ്രിൽ 27–ന് കർത്താവിൽ നിദ്രപ്രാപിച്ചു. 28–ന് അനേകം ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ ചേരപ്പള്ളി സഭയുടെ ചുമതലയിൽ വീട്ടുവളപ്പിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അടൂർ:** പരുത്തിപ്പാറ രഹബോത്ത് വില്ലയിൽ സഹോദരൻ സണ്ണി തോമസിന്റെ സഹധർമ്മിണി **മേഴ്സി സണ്ണി (55)** മെയ് 22–ന് മഹത്വത്തിലേക്ക് പ്രവേശിച്ചു. മെയ് 26–ന് പരുത്തിപ്പാറ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**റാന്നി:** കുന്നത്തൂർ മത്തായി വർഗീസിന്റെ ഭാര്യ **ജോയമ്മ വർഗീസ് (76)** മെയ് 15–ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മെയ് 19–ന് ഹ്ളോറിഡയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ഇരവിപേരൂർ:** ശങ്കരമംഗലത്ത് ചേറ്റുകണ്ടത്തിൽ പരേതനായ ജോസഫ് ജോസഫിന്റെ ഭാര്യ **മറിയാമ്മ (87)** കർത്താവിൽ നിദ്രപ്രാപിച്ചു. മെയ് 19–ന് ഭൗതിക ശരീരം കുമ്പനാട് ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി:** ഈസ്റ്റ് ക്രിസ്ത്യൻ ബ്രദറൺ അസംബ്ലി അംഗമായ **പി. പി. കുരുവിള (87)** മെയ് 18–ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. മെയ് 20–ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വിയോഗദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**കോട്ടയം:** അഞ്ചേരി പാനൂർകടുപ്പിൽ **ശോശാമ്മ ചാക്കോ (87)** മെയ് 24–ന് താൻ പ്രിയം വച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മെയ് 27–ന് അനേകം ദൈവമക്കളുടെ സാന്നിധ്യത്തിൽ പാമ്പാടി ബ്രദറൺ അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**പുനലൂർ:** വള്ളിക്കാവിൽ സഹോദരൻ എം. മത്തായിയുടെ ഭാര്യ **മേരിക്കുട്ടി മത്തായി (72)** മെയ് 20–ന് പ്രത്യാശാ തീരത്തേക്ക് മാറ്റപ്പെട്ടു. മെയ് 24–ന് ചെമ്മന്തൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. സുവിശേഷകൻ എസ്.ജി. ഗിൽബർട്ടിന്റെ ഭാര്യാമാതാവും സുവിശേഷകൻ പി.റ്റി. സാമുവേലിന്റെ സഹോദരിയുമാണ്. ദുഃഖത്തിലിരിക്കുന്നവരെ പ്രാർത്ഥനയിൽ ഓർത്താലും.



**ബലഗാം** (കർണ്ണാടക) : **ബ്രദർ എസ്. ആർ. അവെയ്ൽ (75)** മെയ് 27 ന് താൻ പ്രത്യാശവച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതിക ശരീരം മെയ് 31 ന് ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -105

## (സങ്കീർത്തനങ്ങൾ)

1. അവന്റെ വായിൽ ശാപവും സാഹസവും നിറഞ്ഞിരിക്കുന്നു. ആരുടെ?
2. "നീ (യഹോവ) എന്റെ ഹൃദയത്തെ ശോധന ചെയ്തു രാത്രിയിൽ എന്നെ സന്ദർശിച്ചു" എന്നു പറഞ്ഞതാര് ?
3. "ഞാൻ ഒരു ഉടഞ്ഞ പാത്രം പോലെയായിരിക്കുന്നു" എന്നു പറഞ്ഞതാര്?
4. "ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ" എന്നു പറഞ്ഞതാര്?
5. സമ്പത്തു വർദ്ധിച്ചാൽ അതിൽ മനസ്സു വെയ്ക്കരുത് എന്നു പറഞ്ഞതാര്?
6. "ഞാൻ ഞെരുക്കത്തിൽ ഇരുന്നപ്പോൾ നീ എനിക്ക് വിശാലത വരുത്തി" എന്നു പറഞ്ഞതാര്?
7. "ഞാൻ ദൈവത്തെ ഓർത്തു വ്യാകുലപ്പെടുന്നു" എന്നു പറഞ്ഞതാര്?
8. സന്തോഷം ഉദിക്കുന്നതാർക്ക്?
9. പല്ലു കടിച്ച് ഉരുകിപ്പോകുന്നതാര്?
10. ആയിരമായിരം പൊൻവെള്ളി നാണയത്തെക്കാൾ ഉത്തമം എന്ന് സങ്കീർത്തനക്കാരൻ പറഞ്ഞതെന്ത്?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 102 – ശരിയുത്തരങ്ങൾ**

1. ജാതികൾ (9:15) 2. ദാവീദ് (14:7) 3. യഹോവയുടെ (29:5) 4. ദുഷ്ടൻ (37:11) 5. ദാവീദ് (55:6) 6. (3) 7. അഹങ്കാരികൾക്ക് (73:6) 8. നീതിമാൻ (92:12) 9. മോശെ (106:33) 10. നേരുള്ളവർക്ക് (112:4)

# സുവിശേഷകൻ ബാലസംഘം ക്യാമ്പ് സമാപിച്ചു

**പാലക്കാട്:** ഏപ്രിൽ 12 മുതൽ 15 വരെ അകത്തേത്തര ശാലേം ബൈബിൾ സ്കൂളിൽ പാലക്കാട് സെന്റർ ക്യാമ്പ് നടന്നു. കുട്ടികൾക്കും കൗമാരക്കാർക്കും മാതാപിതാക്കൾക്കും ഉള്ള പ്രത്യേക ക്ലാസ്സുകൾ അനുഗ്രഹമായിരുന്നു. സിബി വിശ്വനാഥ് (തിരുവനന്തപുരം), ജിബി ബേബി (പള്ളിപ്പാട്), പി.വൈ. കുഞ്ഞുമോൻ (വയനാട്), ജോർജ്ജ് പീറ്റർ (ചിറ്റൂർ), ജോസഫ് വർഗീസ് (കോരഞ്ചിറ) എന്നീ സഹോദരന്മാരെ കൂടാതെ വിവിധ സെഷനുകളിൽ ക്ലാസ്സുകൾ എടുക്കുവാനായി സാമുവേൽ വർഗീസ് (മലമ്പുഴ), സാമുവേൽ തോമസ് (പുതുപ്പാടി), ജോഫി സി.പി. (നെന്മാറ), ബിനു ജോസ് (ഒറ്റപ്പാലം) ബോബൻ (വടപ്പുറം), സോണി തോമസ് (ആന്ധ്ര), ബിജു സി. ജോൺ (നെന്മാറ) എന്നീ സഹോദരന്മാരും ഉണ്ടായിരുന്നു. 175 ഓളം പേർ പങ്കെടുത്ത ഈ ക്യാമ്പിന്റെ ടീം 'കർത്താവിൽ ശക്തിപ്പെടുവിൻ' എന്നതായിരുന്നു (എഫെ. 6:10).

*ബൈജു മാത്യു, സെക്രട്ടറി ( 9961036456)*

# പ്രാർത്ഥനയ്ക്ക്

**വാളാഞ്ചേരി:** മലപ്പുറം ജില്ലയിലെ വാളാഞ്ചേരിയിൽ നമ്മുടെ സഭാകൂടിവരവ് മുൻപ് നടത്തിവരുന്നു. പക്ഷേ ഇപ്പോൾ ആരാധന നടക്കുന്നില്ല. ഈ സ്ഥലത്ത് വീണ്ടും സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. 2016 ഏപ്രിൽ 26 മുതൽ 30 വരെ സഭാഹോളിൽ വച്ച് ഒരു വി.ബി.എസ്. നടത്തുവാൻ ദൈവം അവസരമൊരുക്കി. ഇവിടെ സഭാകൂടിവരവ് വീണ്ടും ആരംഭിക്കുവാൻ ആഗ്രഹിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ഈ വിഷയത്തെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

*സി.വി. സണ്ണി (9388924464)*


# തിരുവല്ല മെഡിക്കൽ മിഷൻ

## നഴ്സിങ്ങ് കോഴ്സ് പ്രവേശനം– 2016

### 1. ജനറൽ നഴ്സിങ്ങ്– (3 വർഷത്തെ പഠനം)

17 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ളവരും കുറഞ്ഞത് 40% മാർക്കോടെ (പ്ലസ് ടൂ) യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പഠനത്തിൽ സമർത്ഥരും യഥാസമയം ഫീസ് നൽകുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് "ഇപ്പോൾ പഠനം പിന്നീട് ഫീസ്" (study now pay later) എന്ന പ്രത്യേക പഠനപദ്ധതി പ്രകാരം ഫീസ് (യൂണിഫോം, ടെസ്റ്റ് ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ, ഭക്ഷണചെലവ് എന്നിവ ഒഴികെ) പഠനകാലയളവിലോ, പഠനത്തിനു ശേഷമോ ഇവിടെ തന്നെ ജോലി ചെയ്ത് കിട്ടുന്ന ശമ്പളത്തിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കാവുന്നതാണ്. പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 16–07–2016

**2. ബി.എസ്.സി. നഴ്സിങ്ങ് (4 വർഷ പഠനം)**

മാനേജ്മെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ കവിയൂർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത +2 വിൽ 50% മാർക്ക് PCB & English വിഷയങ്ങളിൽ നേടിയിരിക്കണം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 10–06–2016

**3. എം.എസ്.സി. നഴ്സിങ്ങ് (2 വർഷ പഠനം)**

**• പീഡിയാട്രിക്സ് • മെഡിക്കൽ സർജറി • ഒ.ബി.ജി. • കമ്മ്യൂണിറ്റി**

യോഗ്യത ബി.എസ്.സി. നേഴ്സിങ്ങിൽ കുറഞ്ഞത് 55% മാർക്കും KNMC രജിസ്ട്രേഷനും കൂടാതെ 1 വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

കൂടുതൽ വിവരങ്ങൾക്ക്:

**ജനറൽ നഴ്സിങ്ങ്**
റ്റി.എം.എം. സ്കൂൾ ഓഫ് നഴ്സിങ്ങ്
പി.ബി. നമ്പർ 74, തിരുവല്ല– 689 101
ഫോൺ: 0469 2626433, 9446792458
Email: principal.son@tmmhospital.org

**ബി.എസ്.സി/എം.എസ്.സി. നഴ്സിങ്ങ്**
റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ്
ആഞ്ഞിലിത്താനം പി.ഒ., കവിയൂർ
ഫോൺ: 0469 2618653, 9447191893
Email: administrator@tmmnursingcollege.in

# സുവിശേഷ സന്ദേശയാത്ര

**മുണ്ടക്കയം:** കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിലുള്ള സ്ഥലം സഭകളുടെയും സുവിശേഷകന്മാരുടെയും സഹകരണത്തിൽ 2016 ഏപ്രിൽ 4 മുതൽ 19 വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അതാതു പ്രാദേശിക സഭകളുടെ സഹകരണത്തോടെ പരസ്യയോഗങ്ങൾ നടത്തുവാൻ കർത്താവു സഹായിച്ചു. മദ്യത്തിനും മയക്കുമരുന്നിനും ആത്മഹത്യാ പ്രവണതകൾക്കും എതിരെ ബോധവത്ക്കരണം നടത്തിക്കൊണ്ടുള്ള സുവിശേഷ സന്ദേശങ്ങൾ 150-ലധികം സ്ഥലങ്ങളിലായി അറിയിക്കുവാനിടയായി. “മദ്യം ഒരു സാമൂഹിക വിപത്ത്” എന്ന ചെറു പുസ്തകവും ആയിരക്കണക്കിന് സുവിശേഷ പ്രതികളും പുതിയ നിയമത്തിന്റെ ധാരാളം കോപ്പികളും വിതരണം ചെയ്യുവാൻ സാധിച്ചു. സുവിശേഷകൻ ആന്റണി ഫിലിപ്പ് തന്റെ വാഹനം നൽകിക്കൊണ്ട് ഈ ശുശ്രൂഷയിൽ സഹകരിച്ചു. സുവിശേഷകന്മാരായ സി.റ്റി. ജോണിക്കുട്ടി, പി.കെ. തോമസുകുട്ടി, പി.ഐ. ബേബി, പി.പി. ജേക്കബ്, ദേവസ്യ കട്ടപ്പന, ഷിബു ഉള്ളായം, അജേഷ്, ജോസ് ആനക്കല്ല്, കെ.എം. ബേബി, റ്റി.വി. മാത്യു, പൊന്നച്ചൻ ആനിക്കാട് തുടങ്ങിയവർ ശുശ്രൂഷയിൽ സഹകരിച്ചു. കെ.സി. സാബു ഗാനശുശ്രൂഷ നിർവ്വഹിച്ചു. അനുധാവന പ്രവർത്തനം തുടർന്നു വരുന്നു. വിതയ്ക്കപ്പെട്ട വചനം ഫലമണിയുവാൻ ദൈവജനം പ്രാർത്ഥിച്ചാലും.

*കെ.എം. ബേബി (9495026263), റ്റി.വി. മാത്യു (9495543712)*

# സുവിശേഷ ക്യാമ്പ്

**പുള്ളിക്കാനം:** 2016 ഏപ്രിൽ 20,21,22 തീയതികളിൽ ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിലുള്ള പുള്ളിക്കാനം ബ്രദറൺ അസംബ്ലിയുടെ ചുമതലയിലും അയൽസഭകളുടെ സഹകരണത്തിലും പുള്ളിക്കാനത്തും പരിസരപ്രദേശങ്ങളായ ഉളുപ്പൂണി, ചോറ്റുപാറ, വാഗമൺ എന്നീ സ്ഥലങ്ങളിൽ സുവിശേഷ പ്രവർത്തനവും 11 സ്ഥലങ്ങളിൽ പരസ്യയോഗങ്ങളും, ബൈബിൾ ക്ലാസ്സും നടത്തുവാൻ കർത്താവു കൃപ ചെയ്തു. പ്രവർത്തനങ്ങളിൽ 20 ഓളം സുവിശേഷകന്മാരും വിവിധ സ്ഥലം സഭകളിൽ നിന്നും 10 ഓളം സഹോദരന്മാരും പങ്കെടുത്തു. കർത്ത്യദാസൻ പി.വി. ജയിംസ് (വാളകം) സുവിശേഷകന്മാരുടെ ദൗത്യത്തെക്കുറിച്ചും, വേലയിൽ അവർ എങ്ങനെ നിലകൊള്ളണമെന്നും തന്റെ ക്ലാസ്സുകളിൽ ദൈവവചനത്തിൽ നിന്നും പ്രബോധിപ്പിക്കുകയുണ്ടായി. സഹോദരൻ മാത്തുക്കുട്ടി (വണ്ടിപ്പെരിയാർ) സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. ഈ പ്രവർത്തനം മുഖാന്തരം ചിലർ കർത്താവിങ്കലേക്ക് തിരിയുവാൻ ഇടയായി. ഇവിടെ നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർത്താലും.

*ശിവൻ, കെ.എസ്. ഗോപാലകൃഷ്ണൻ*

# വി.ബി.എസ്.

**കൂവപ്പള്ളി:** ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. സഭയുടെ ചുമതലയിൽ ഈ വർഷവും ഏപ്രിൽ 21,22,23 തീയതികളിൽ വി.ബി.എസ്. നടത്തുവാൻ കർത്താവ് സഹായിച്ചു. അറുപതിൽ പരം കുട്ടികൾ പങ്കെടുത്തു. സുവിശേഷകന്മാരായ റെജി സെബാസ്റ്റ്യൻ, ജോമോൻ, കെ.സി. സാബു തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. അമൽജ്യോതി എൻജീയറിംഗ് കോളേജിലെ വിദ്യാർത്ഥികൾ ഇവിടെ ആരാധനയിൽ സംബന്ധിച്ചു വരുന്നു. പുതുതായി അഡ്മിഷൻ നേടി വരുന്നവർക്കും ആരാധനാ സൗകര്യത്തിനായി ബന്ധപ്പെടാവുന്നതാണ്.

വിലാസം: K.C. Sabu, ''Beith-Shaar'', Kochuparambil, Koovappally P.O., Kanjirappally-686 518 Mod: 9746101039, 9497384823. Email: sabuchacko40@yahoo.com

*കെ.സി.സാബു, പി.ജി.സജു*

# ബൈബിൾ സ്കൂൾ

**മഞ്ഞാലുംമൂട്:** ബഥേൽ ബ്രദറൺ സഭയുടെ ചുമതലയിൽ നടന്നുവരുന്ന ബൈബിൾ സ്കൂളിന്റെ 27-ാമത് ബാച്ച് ജൂൺ 18 ശനിയാഴ്ച ആരംഭിക്കുന്നു. വചന പഠനത്തിനായി ആഗ്രഹിക്കുന്നവർ അന്നേ ദിവസം രാവിലെ 10 മണിക്കു മുമ്പ് മുഞ്ഞാലുംമൂട് ബൈബിൾ സ്കൂളിൽ എത്തിച്ചേരേണ്ടതാണ്. താമസിച്ച് പഠിക്കുവാൻ താല്പര്യമുള്ളവർക്ക് അതിനുള്ള സാഹചര്യങ്ങളും സൗകര്യങ്ങളും നൽകുന്നതാണ്.

*ഐ.എം. തോമസ്, എച്ച്.സി. ബാബു*

# ശ്രദ്ധയേറിയ പ്രാർത്ഥനയ്ക്ക്

**മൈനാഗപ്പള്ളി:** 2010 മെയ്മാസത്തിൽ സീയോൻ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ നടന്ന സുവിശേഷ പ്രവർത്തനത്തിൽ നിർഭാഗ്യവശാൽ ഉണ്ടായ പ്രതികൂലം നിമിത്തം സഹോദരന്മാർക്കെതിരേ ഒരു കേസ് നിലവിൽ വന്നു. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന മൂലം അവർക്ക് ജാമ്യം ലഭിക്കാൻ ഇടയായി. ഇപ്പോൾ കോടതി സമൻസ് അയച്ച് വിചാരണയ്ക്ക് ആരംഭം കുറിച്ചിരിക്കയാണ്. ദൈവിക പരിപാലനവും വിടുതലും ലഭിപ്പാൻ തക്കവണ്ണം ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന തുടർന്നും കർത്തൃനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

*ജോയി തോമസ്, കുഞ്ഞുമോൻ*

# രക്ഷാസന്ദേശ യാത്ര

**തൃശ്ശൂർ:** കൊടകര ബ്രദറൺ ഗോസ്പൽ അംസ്ബ്ലിയുടെയും മോചനം ഗോസ്പൽ ടീമിന്റെയും സംയുക്താഭിമുഖ്യത്തിൽ മലയോര ഗ്രാമമായ ഇഞ്ചക്കുണ്ടിലും പരിസര പ്രദേശങ്ങളിലും 2016 മെയ് 26-ന് പരസ്യയോഗങ്ങൾ നടത്തുവാൻ ഇടയായി. ഈ യോഗങ്ങളിൽ സുവിശേഷകന്മാരായ പി.കെ. ജോയി (ക്രാരിയേലി), എം.ആർ. ഷൈജു (ചാലക്കുടി), സി.ആർ. സുരധരൻ (നെല്ലിക്കുന്ന്) മുതലായവർ വചനം പ്രസംഗിച്ചു. മറ്റു സഹോദരന്മാരും വിവിധ ശുശ്രൂഷകളിൽ സഹകരിച്ചു. അനുഗ്രഹത്തിനു വേണ്ടി ദൈവജനം പ്രാർത്ഥിക്കുക.

*ശശി ഇഞ്ചക്കുണ്ട് (9495196732)*

# സോദരീ സമാജം

**കൊട്ടാരക്കര:** കൊട്ടരക്കര സെന്റർ സോദരീ സമാജത്തിന്റെ അടുത്ത സമ്മേളനം തൃക്കണ്ണമംഗൽ നോർത്ത് ബ്രദറൺ അസംബ്ലിയിൽ ജൂൺ 11 രണ്ടാം ശനിയാഴ്ച നടക്കുന്നു. 1 ശമുവേൽ 26-31 അധ്യായങ്ങളിൽ നിന്നുള്ള ബൈബിൾ പ്രശ്നോത്തരിയും ഉണ്ടായിരിക്കും.

*ലാലി മാത്യൂ, സെക്രട്ടറി*

# അറിയിപ്പ്

നിങ്ങളുടെ വിലാസത്തിനു മുകളിൽ കൊടുത്തിരിക്കുന്ന രജിസ്റ്റർ നമ്പർ എല്ലാ കത്തിടപാടുകളിലും രേഖപ്പെടുത്തുക. വരിസംഖ്യയോ സംഭാവനയോ നേരിട്ട് ബാങ്കിൽ നിക്ഷേപിക്കുകയോ മണിയോർഡറായി അയക്കുകയോ ചെയ്യുന്നവർ വിശദവിവരം മാനേജിംഗ് എഡിറ്ററെ ഫോണിലൂടെയോ കത്തിലൂടെയോ അറിയിക്കേണ്ടതാണ്. സഹകരണങ്ങൾക്കു നന്ദി.

*മാനേജിംഗ് എഡിറ്റർ (9605001818)*

# ഗുഡ് റൈറ്റിംഗ്സ് 2016

**അബുദാബി :** ബ്രദറൺ അസംബ്ലി അബുദാബി ഒരുക്കുന്ന 'ഗുഡ് റൈറ്റിംഗ്സ് 2016' ഗോസ്പൽ കൺവൻഷൻ ജൂൺ 20,21,22 എന്നീ തീയതികളിൽ അബുദാബി ഇവാഞ്ചലിക്കൽ ചർച്ച് സെന്ററിലും 'വചന മാധുരി 2016' ജൂൺ 28,29, 30 ജൂലൈ 01 തീയതികളിൽ മുസ്സഫ ബ്രദറൺ ചർച്ച് സെന്ററിലും നടക്കുന്നതാണ്. സഹോദരന്മാരായ കനകരാജ് (തിരുവനന്തപുരം), ജയ്മോൻ (അൾവർ) എന്നിവർ വചനം സംസാരിക്കുന്നു. സഹോദരന്മാരായ ജോൺലി ചാൾസും, ലിജു ഫിലിപ്പും ഗാനശുശ്രൂഷ നിർവ്വഹിക്കുന്നു. പ്രാർത്ഥനയിൽ ഓർത്താലും.

*എ.സി. തോമസ്, ജോൺ തോമസ്*

ചിന്ത
T.V.S.

# ശക്തിയുടെ രഹസ്യം

മർത്യന് അവനിൽ തന്നെ ശക്തിയുണ്ടെന്നത് ശരി തന്നെ- പക്ഷെ ആ ശക്തി പ്രതികൂലങ്ങൾ വരുമ്പോൾ പ്രയാസങ്ങളുടെ മധ്യെ മുന്നോട്ട് പോകുവാൻ കഴിയാതെ വരുമ്പോൾ അവൻ തളരുന്നു. നിരാശയായി പരിണമിക്കുന്നു. മനുഷ്യൻ എവിടെ നിസ്സഹായനായി തീരുന്നുവോ അവിടെ ദൈവം തന്റെ പ്രവർത്തനം ആരംഭിക്കുന്നു. മനുഷ്യൻ പാപം ചെയ്ത് ദൈവത്തിൽ നിന്ന് അകന്നു പോയപ്പോൾ അവന്റെ നഗ്നത വെളിപ്പെട്ടു. അതിനെ മറയ്ക്കാൻ അവൻ ഉണ്ടാക്കിയ അത്തിയിലയുടെ വസ്ത്രം മതിയായതായി തീർന്നില്ല. തോട്ടത്തിൽ അവർ നിസ്സഹായരായി കഴിയുന്നു എന്ന് ദൈവം അറിഞ്ഞു. ഉടനെ ദൈവം തന്റെ പ്രവർത്തന പദ്ധതി തുറന്നു. അവനെ സഹായിക്കാനായി വസ്ത്രവുമായി തോട്ടത്തിൽ രംഗപ്രവേശം നടത്തുന്നു.

നമ്മിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തിയുടെ വലിപ്പം മനസ്സിലാക്കാൻ നമുക്ക് ഇന്നും കഴിഞ്ഞിട്ടില്ല. പലരും ഇങ്ങനെ പറയാറുണ്ട്, “ഞാൻ തകർന്നു, എന്റെ ജീവിതം നരകമായി മാറിയിരിക്കുന്നു. ചുറ്റുപാടുകൾ എല്ലാം എനിക്ക് എതിരാണ്. ചുരുക്കി പറഞ്ഞാൽ എനിക്ക് എല്ലാം എല്ലാം പ്രതികൂലമാണ്. ഇനി മുന്നോട്ട് ഒരടി പോലും വയ്ക്കുവാൻ സാധ്യമല്ല.” എന്നാൽ പൂർണ്ണ വിശ്വാസത്തോടെ സർവ്വശക്തനായ ദൈവകരങ്ങളിൽ നമ്മെത്തന്നെ സമർപ്പിക്കുന്നു എങ്കിൽ ഉണങ്ങിവരണ്ട സ്ഥലത്തേക്കു ജലം ഒഴുകി വരുന്നതുപോലെ ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും നീരൊഴുക്ക് നമ്മെ ശക്തമാക്കുവാൻ ദൈവം സഹായിക്കും.

വിൻസന്റ് പിൽ എന്നു പറയുന്ന അദ്ദേഹം ഉദ്ധരിച്ചിരിക്കുന്ന ഒരു ചെറുപ്പക്കാരന്റെ കഥ നമ്മെ കൂടുതൽ ഇരുത്തിചിന്തിപ്പിക്കുന്നതാണ്. നല്ല ഒരു ബിസിനസ്സ്കാരനായ യുവാവ്, അദ്ദേഹം ദൈവവിശ്വാസത്തിൽ വളർന്നവനായിരുന്നു. എന്നാൽ തന്റെ കോളേജ് വിദ്യാഭ്യാസകാലത്തു തന്നെ അദ്ദേഹം മതപരമായ കാര്യങ്ങളിൽ നിന്ന് അകലാൻ തുടങ്ങി. പിന്നീട് വിവാഹിതനായി സാമൂഹ്യരംഗത്ത് മാന്യനായ ഒരു ചെറുപ്പക്കാരനായി അറിയപ്പെട്ടു. പക്ഷെ പള്ളിയിൽ പോകുന്നത് വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം. മതം ഒരു അത്യാവശ്യമായി തനിക്ക് തോന്നിയിരുന്നില്ല. ഭൗതിക കാര്യങ്ങളിൽ മാത്രമാണ് അയാളുടെയും ഭാര്യയുടെയും ജീവിതം വേരൂന്നിയത്. അങ്ങനെ

**നമ്മെ പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിക്കാതെ നമ്മിലെ ശക്തിയെ കണ്ടെത്താൻ കഴികയില്ല.**

യുള്ള വേരുകൾ കുറെ കഴിയുമ്പോൾ ദുർബലമായി തീരും എന്ന് അവർ മനസ്സിലാക്കിയില്ല. ഒടുവിൽ ആ യുവാവിന്റെ ജീവിതം തകർന്ന് മുന്നോട്ട് ഒരു ചുവട് വയ്ക്കുവാൻ ധൈര്യം ഇല്ലാതെയായി. പരാജയത്തിന്റെ ആഘാതം ഒന്നിനൊന്ന് തന്നെ വേട്ടയാടിക്കൊണ്ടിരുന്നു.

ഈ സമയത്ത് ജീവിതത്തെ സുധീരം നേരിടുകയും പ്രതികൂലങ്ങളെ പതറാതെ അഭിമുഖീകരിച്ച് മുന്നേറുകയും ചെയ്യുന്ന ഒരു വ്യക്തിയെ അയാൾ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ ക്ഷയിക്കാത്ത ശക്തിയുടെ രഹസ്യം എന്താണെന്ന് അറിയുവാൻ ഈ യുവാവ് ശ്രമിച്ചു- അദ്ദേഹത്തോട് ഈ കാര്യം നേരിട്ടു ചോദ്യം ചെയ്തു- സർവ്വശക്തനായ ദൈവം മാത്രമാണ് തന്റെ ശക്തിയുടെ രഹസ്യം എന്ന് അദ്ദേഹം മറുപടി പറഞ്ഞു- എന്ത്!! ഞാനും ദൈവത്തിൽ വിശ്വസിക്കുന്നുണ്ടല്ലോ. പക്ഷെ നിന്നേയും നിന്റെ പ്രശ്നങ്ങളെയും ദൈവത്തിന്റെ കരങ്ങളിൽ ഏല്പിച്ചിട്ടുണ്ടോയെന്ന് അദ്ദേഹം ചോദിച്ചു. ഇല്ലായെന്നായിരുന്നു മറുപടി. മതപരമായ കാര്യങ്ങളിൽ തൃപ്തനായിരുന്ന ആ യുവാവ് തന്റെ ജീവിതത്തിൽ പുതിയ ഒരു അധ്യായം തുറന്നു- സംതൃപ്തനായി- ദൈവമക്കളെ പലപ്പോഴും നമുക്കും സംഭവിക്കുന്നത് ഇതുതന്നെയാണ്. സഭയുടെ എല്ലാ പരിപാടികളിലും ഞാൻ സംബന്ധിക്കുന്നുണ്ട്- അതുകൊണ്ട് എന്റെ കാര്യങ്ങളും ഭംഗിയായി പ്രതിസന്ധികൾ ഇല്ലാതെ മുന്നോട്ടു പോകണം എന്നാണ് ആഗ്രഹിക്കുന്നത്. എന്നാൽ നമ്മെയും നമ്മുടെ ആഗ്രഹങ്ങളെയും പൂർണ്ണമായി ദൈവകരങ്ങളിൽ സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? അങ്ങനെയുള്ളവർക്കു മാത്രമെ വിജയകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാൻ കഴികയുള്ളു. പരാക്രമശാലിയായ ഗിദയോൻ തന്റെ ലളിതമായ എല്ലാ കാര്യങ്ങളും ദൈവകരങ്ങളിൽ സമർപ്പിച്ചപ്പോൾ ഒരു വലിയ യുദ്ധം ചുരുങ്ങിയ ആളുകളെക്കൊണ്ട് ജയിക്കുന്നതിന് സാധിച്ചു. നമ്മെതന്നെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ദൈവം ഏറ്റെടുക്കട്ടെ. ●

**SUVISESHADHWANI**
Fortnightly
Vol. 38 Issue 22
Annual Subscription
India Rs. 200/-
USA/Canada US$ 100
Envelope Postage
Rs. 2500/-

Chief Editor:
**Saju P. Stephen**
Padinjattil Puthenpurayil,
Kakkoor P.O., Koothattukulam
Pin-686662, Mob:9747486981
sajupstephen@gmail.com

**Please send news and articles to:**
Associate Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Mob : 9495162788
samjichoonattu@gmail.com

**Send your drafts & money order to :**
Managing Editor
**Samson Samuel**
Sam's Cottage,Palace Square
Chottanikara P.O.,
Ernakulam - 682 312
Mob: 9605001818
samgen701@gmail.com

Circulation Manager:
**A.D. James**
Angamaly-683572
Mob: 9446814115
Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

***REGISTERED***
***Reg. No. RN 29475/1978***
**Postal Reg. No. KL / ALY / 0076 / 2015-17**
**Licence No. KL/CR/ALU/WPP-08/2015-17**
**Licensed to Post Without Prepayment.**
**Date of Publishing : 04/ 06 / 2016**

***If not delivered, please return to :***
**Managing Editor,**
**SUVISESHADHWANI,**
Sam's Cottage, Palace Square
Chottanikara P.O.,
Ernakulam - 682 312.